

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം**-676505**

ഇ-മെയിൽ**: dompm.ksad@kerala.gov.in**
ഫോൺ **: 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.22/468/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 25/03/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.22/468/2026 തീയ്യതി: 25/03/2026

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 25-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-03-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അശ്റഫ് പെരുംമ്പള്ളി, കെ എ എസ്	ഡെപ്യൂട്ടി ഡയറക്ടർ	26-02-2026	06-03-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-02-2026	06-03-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ ഗഫൂർ.സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീത് ബാബു.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ (02.03.2026 മുതൽ 06.03.2026 വരെ)
ശ്രീ. മുഹമ്മദ് നൗഷാദ്. എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഹസീന. സി, ഓഡിറ്റർ
ശ്രീമതി.സുഹൈല.കെ.എം, ഓഡിറ്റർ (26.02.2023 മുതൽ 28.02.2026 വരെ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ഉമ്മുകുൽസു ചക്കച്ചൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. അനീസ് ബാബു. എ.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	15-04-2024
		27-04-2024	03-05-2024
ശ്രീ.സനീഷ്.കെ.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-04-2024	26-04-2024
ശ്രീ.രാമകൃഷ്ണൻ.കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-05-2024	08-08-2024
ശ്രീ.മജീദ്.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-08-2024	15-10-2024
ശ്രീ.ഷൗക്കത്തലി. സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-10-2024	04-12-2024
ശ്രീ.സജീർ ഖാൻ.എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-12-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.മുഹമ്മദ് ഷിബിൽ	മെഡിക്കൽ ഓഫീസർ (സി. എച്ച്,സി)	01-04-2024	31-03-2025
ഡോ.നസ്റിൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	06-11-2024
ഡോ.സുമി.എസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	07-11-2024	31-03-2025
ഡോ. സൈഫുദ്ധീൻ.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ. അനിൽ കുമാർ	അസി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി. ബബിത	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ഷിഫ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി.സുമ.ടി.വി	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി.മഞ്ജു	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി. റുമീന.കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. അനീസ് ബാബു. എ.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	15-04-2024
		27-04-2024	03-05-2024
		29-08-2024	21-10-2024
ശ്രീ.സനീഷ്.കെ.എസ്	അസിസ്റ്റന്റ് സെക്രട്ടറി	16-04-2024	26-04-2024
ഒഴിവ്	അസിസ്റ്റന്റ് സെക്രട്ടറി	04-05-2024	28-08-2024
		22-10-2024	22-10-2024
ശ്രീ.സജീർ ഖാൻ.എ	അസിസ്റ്റന്റ് സെക്രട്ടറി	23-10-2024	31-03-2025

ശ്രീ.അഭിലാഷ്.വി	വി.ഇ.ഒ 1	01-04-2024	31-03-2025
ശ്രീ.അഭിലാഷ്.വി	വി.ഇ.ഒ 2	01-04-2024	17-09-2024
ശ്രീ.ശ്രീജിത്ത്.കെ	വി.ഇ.ഒ 2	18-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷിക കണക്കിനോടൊപ്പം ഉൾകൊള്ളിച്ചിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-3
5	സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തിയില്ല, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല	1-1-4
6	തൻവർഷത്തെ ബാലൻസ് ഷീറ്റിലെ Excess Of Income Over Expenditure ഉൾപ്പെട്ട തുക ക്രമപ്രകാരമല്ല	1-1-5
7	Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല, ആസ്തി മൂല്യത്തേക്കാൾ കൂടുതൽ തുകയ്ക്ക് തേയ്മാനം കണക്കാക്കി	1-1-6
8	Prior Period Expenses Programme Expenses ഹെഡിൽ നെഗറ്റീവ് തുക	1-1-7
9	പ്രയർ പിരീഡ് തുകകളുടെ വിശദാംശങ്ങൾ ഉറപ്പ് വരുത്താനായില്ല	1-1-8
10	ലോൺ തുകകൾ രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-9
11	CFC ഗ്രാൻഡ് തുക വ്യത്യാസം	1-1-10
12	രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-11
13	വർഷങ്ങളായി വലിയ തുക ക്രമീകരിക്കാതെ ബാധ്യതയായി നിലനിർത്തുന്നു.	1-1-12
14	തനത് ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ സൂക്ഷിച്ചില്ല.	1-1-13
15	ഡെപ്പോസിറ്റ് വർക്ക് അല്ലാത്ത പദ്ധതി തുകകൾ B-18ൽ ബാധ്യതയായി ചേർത്തു.	1-1-14
16	ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാതെ ബാധ്യതയായി നിലനിൽക്കുന്നു.	1-1-15
17	വസ്തു നികുതി DCB വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-16
18	തൊഴിലുറപ്പ് പദ്ധതിയുടെ തുക വ്യത്യാസം	1-1-17
19	ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.	1-1-18
20	ബാങ്ക് സ്റ്റേറ്റ്മെന്റ്/റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല.	1-1-19
21	പ്രതിമാസ റീകൺസിലേഷൻ യഥാസമയം നടത്തിയില്ല,തുക വിവരം ലഭ്യമല്ലാത്ത ചെക്ക് ലീഫുകൾ	1-1-20
22	റിക്കൺസിലേഷൻ പത്രികകൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-21
23	ക്ഷേമ പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല	1-1-22
24	കാഷ് ബുക്ക്, ഡേ ബുക്ക് - പൂർണ്ണമായും യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചില്ല.	1-1-23
25	ബജറ്റ്	1-2
26	സാമ്പത്തിക വിശകലനം	1-3

27	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
28	പദ്ധതി അവലോകനം	1-5
29	തൊഴിലുറപ്പ് പദ്ധതി	1-6
30	ക്ഷേമ പെൻഷൻ	1-7
31	ക്യാഷ് വെരിഫിക്കേഷൻ	1-8
32	ആഭ്യന്തര നിയന്ത്രണം	1-9
33	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
34	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം	1-11
35	ജൽജീവൻ മിഷൻ പദ്ധതി - അവലോകനം	1-12
36	ബാങ്കിൽ നിന്നുള്ള പിൻവലിക്കൽ - രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല.	1-13
37	കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നു. പലിശ വരുമാനം നഷ്ടം	1-14
38	പെർമിറ്റ് ഫീ/ റെഗുലറൈസേഷൻ ഫീ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-15
39	ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു-വസ്തു നികുതി നഷ്ടം	1-16
40	അനധികൃത നിർമ്മാണം - ക്രമവത്കരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-17
41	പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതിനേക്കാൾ തുക ചെലവഴിച്ചു.	1-18
42	പൈപ്പ് വർക്കിന് അധിക നിരക്ക് നൽകി	1-19
43	മഴക്കാല പൂർവ്വശുചീകരണം- ഫണ്ട് വിനിയോഗത്തിലെ അപാകതകൾ	1-20
44	വാഹന പരിപാലനം - ലോഗ് ബുക്ക് അപാകതകൾ	1-21
45	ജലനിധിക്ക് തുക നൽകി - വിനിയോഗ വിവരം ഇല്ല.	1-22
46	SSK വിശദമായ വിനിയോഗ വിവരം അറിയിക്കുന്നില്ല.	1-23
47	തനത് ഫണ്ട് ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല	1-24
48	ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല.	1-25
49	ഇൻകം ടാക്സ് ടി ഡി എസ് ഫയൽ ചെയ്യാൻ വൈകുന്നു	1-26
50	മുഴുവൻ വൗച്ചറുകളും പേയ്മെന്റ് വൗച്ചർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല	1-27
51	പൾസ്,ക്ലിക്ക് - പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല . അധികച്ചെലവ്	1-28
52	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ്സ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ-പദ്ധതി അപാകതകൾ	1-29
53	സി എച്ച് സി പുഴക്കാട്ടിരിയിലേക്ക് ഇൻവർട്ടർ വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകത	1-30
54	ആരോഗ്യഭേരി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-31
55	പരിരക്ഷ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.	1-32
56	എഫ് എച്ച് സി പുഴക്കാട്ടിരി ഐ എസ് ഒ സർട്ടിഫിക്കേഷൻ-പദ്ധതി നിർവ്വഹണത്തിലെ അപാകതക	1-33
57	ബോധവൽകരണ ക്ലാസ് - അംഗീകാരം ഇല്ലാത്ത പ്രോജക്ട്	1-34

58	ഡയാലിസ് രോഗികൾക്ക് മരുന്നും കിറ്റും വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല.	1-35
59	മെൻസ്ട്രൽ കപ്പ് - വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല.	1-36
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	പൈപ്പ് വർക്കിന് അധിക നിരക്ക് നൽകി	3-1
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം	4-4
5	മൊബിലൈസേഷൻ നൽകിയതിന്റെ വിവരം	4-5
6	വായ്പ തിരിച്ചടവിന്റെ വിവരം	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06.02.2026 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 06.02.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
25/03/2026

1-1-1 ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷിക കണക്കിനോടൊപ്പം ഉൾകൊള്ളിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)

(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻകൗയറി നം.29/04.03.2026 ന് മറുപടി ലഭ്യമാക്കിയില്ല).

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (4012811/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (-2119632/-) തുല്യമല്ല. (ഓഡിറ്റ് എൻകൗയറി നം.29/04.03.2026 ന് മറുപടി ലഭ്യമാക്കിയില്ല).

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം 58 പ്രകാരം സ്ഥിരാസ്ഥികളുടെ ഭൗതിക പരിശോധന നടത്തുകയോ, ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയത് പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ B11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിയുടെ മൂല്യങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻകൗയറി നം.29/04.03.2026 ന് മറുപടി ലഭ്യമാക്കിയില്ല).

1-1-4 സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തിയില്ല, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്(ചട്ടം 58). ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

1-1-5 തൻവർഷത്തെ ബാലൻസ് ഷീറ്റിലെ **Excess Of Income Over Expenditure** ഉൾപ്പെട്ട തുക ക്രമപ്രകാരമല്ല

തൻ വർഷത്തെ I& E അബ്സ്ട്രാക്ടിലെ Gross Surplus/(Deficit) Of Income Over Expentiture After Prior Period Items എന്നതിലെ തുകയും (5936923) B1 Schedule ലെ Excess Of Income Over Expenditure കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പ് തുകയും (31363785) കൂട്ടിയാൽ കിട്ടുന്ന തുക തൻവർഷ ബാലൻസ് ഷീറ്റിലെ B1 Schedule ലെ Excess Of Income Over Expenditure തുകയുമായി പൊരുത്തപ്പെടുന്നില്ല (35311430).

1-1-6 **Fixed Asset Depreciation** കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല, ആസ്തി മൂല്യത്തേക്കാൾ കൂടുതൽ തുകയ്ക്ക് തേയ്മാനം കണക്കാക്കി

(A) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

(B) B-11 ഷെഡ്യൂൾ പ്രകാരം Other Fixed Assets ഇനത്തിന്റെ ആസ്തി മൂല്യം 4654765 രൂപയാണ്. എന്നാൽ B11 (A) പ്രകാരം Other Fixed Assets ഇനത്തിന്റെ ആകെ തേയ്മാനം 4847532 രൂപയാണ്. മൂല്യത്തിൽ നിന്നും അധികരിച്ച തേയ്മാനം കണക്കാക്കിയതായി കാണുന്നു.

(C) Accumulated Depreciation തുക അതുമായി ബന്ധപ്പെട്ട B-11(e)ലെ ആസ്തിയുടെ ക്രമത്തിൽ അല്ല ചേർത്തിരിക്കുന്നത്, B-11(e)ലെ എല്ലാ ഇനങ്ങളും B-11(a) ൽ ഡിപ്രീസിയേഷനിൽ ഉൾപ്പെടാത്തതായും ആസ്തികളുടെ മൂല്യത്തിനേക്കാൾ കൂടിയ തുകക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതായും ഉണ്ട്(ഉദാ : ഫർണ്ണിച്ചർ ഇനങ്ങളുടെ മൂല്യം 3929220 ആണ് എന്നാൽ ഡിപ്രീസിയേഷൻ തുക -6751675. 2822455 രൂപ വ്യത്യാസം ഉണ്ട്. (ഓഡിറ്റ് എൻകൗയറി നം.29/04.03.2026 ന് മറുപടിയായി അപാകത (A)ക്ക് രേഖകൾ ഹാജരാക്കുന്നതായി അറിയിച്ചെങ്കിലും ഓഡിറ്റിന് ലഭ്യമായിട്ടില്ല)

1-1-7 **Prior Period Expenses Programme Expenses** ഹെഡിൽ നെഗറ്റീവ് തുക

വാർഷിക ധനകാര്യ പത്രികയിൽ 1-18 ഷെഡ്യൂളിൽ 290800501 Prior Period Expenes Programme Expenses ഹെഡിൽ നെഗറ്റീവ് തുക (-97797) രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻകൃയറി നം.29/04.03.2026 ന് ലഭ്യമാക്കിയ മറുപടിയിൽ 2023-24ലെ കണക്കുകളിലെ വീഴ്ചകൾ ക്രമീകരിച്ചതിന്റെ ഭാഗമായി സംഭവിച്ചതാണെന്ന് അറിയിച്ചു.

1-1-8 പ്രയർ പിരീഡ് തുകകളുടെ വിശദാംശങ്ങൾ ഉറപ്പ് വരുത്താനായില്ല

വാർഷിക കണക്കിൽ ചുവടെ ചേർത്ത ഇനങ്ങളിലെ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു.

RP 11 - 190200401 Prior Period Income – Other Income Rs. 610330/-

RP 25 – 290800501 Prior Perid Expenses - Programme Expenses Rs. 219000/-

ഓഡിറ്റ് എൻകൃയറി നം.29/04.03.2026 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ തുകകൾ സംബന്ധിച്ച ലഡ്ജറുകൾ ഹാജരാക്കുകയും 2023-24ലെ വാർഷിക കണക്കിലെ വീഴ്ചകൾ ക്രമീകരിച്ചത് പ്രകാരമുള്ള തുകകളാണ് എന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ തുക വരവ് ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

1-1-9 ലോൺ തുകകൾ രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. -

ലോൺ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല, വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു

അക്കൗണ്ട്	മുന്നിരിപ്പ്		വരവ്		തിരിച്ചടവ്		നീക്കിയിരുപ്പ്	
	AFS	രജിസ്റ്റർ	AFS	രജിസ്റ്റർ	AFS	രജിസ്റ്റർ	AFS	രജിസ്റ്റർ
KURDFC	13307036	3219130	367765	367765	1783467	3277000	18695709	309895
HUDCO	6843557	-	0	-	0	-	0	-

ഓഡിറ്റ് എൻകൃയറി നം.29/04.03.2026ന് ലഭ്യമാക്കിയ മറുപടി പ്രകാരം, ഹഡ്കോ ലോൺ തുക KURDFC 2024-25 ഹെഡിലേക്ക് മാറ്റിയതായും മുൻവർഷത്തെ ജി.ഒ പദ്ധതികൾ വാർഷിക കണക്കിൽ ഉൾപ്പെടാത്തതായും അറിയിച്ചു.

1-1-10 CFC ഗ്രാൻഡ് തുക വ്യത്യാസം

CFC ഗ്രാൻഡ് Tied ഫണ്ടിൽ ACR പ്രകാരം 5955172 രൂപയാണ് വരവ്/പ്രോഗ്രസ്സീവ് എക്സ്പെൻഡിച്ചർ. എന്നാൽ വാർഷിക കണക്ക് പ്രകാരം 6734225 രൂപയാണ് വരവ് രേഖപ്പെടുത്തിയത്. 779053 വ്യത്യാസമുണ്ട്

1-1-11 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ താഴെ പറയുന്ന രജിസ്റ്ററുകൾ യഥാസമയം രേഖപ്പെടുത്തൽ നടത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനങ്ങളിൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B -7 , RP-33 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

2.അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B -18 , RP 49 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3. വാർഷിക കണക്ക് I-3, Rp45 എന്നിവ പ്രകാരം തൻവർഷ കെട്ടിട വാടകയിനത്തിൽ 12780 രൂപയും സ്ഥല വാടകയിനത്തിൽ 60000 രൂപയും ഡിമാന്റും വരവും, കുടിശ്ശിക കെട്ടിട വാടകയിനത്തിൽ 6085 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ഉറപ്പ് വരുത്തുന്നതിന് വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. കെട്ടിട പെർമിറ്റ്/ക്രമവൽക്കരണ രജിസ്റ്റർ.

1-1-12 വർഷങ്ങളായി വലിയ തുക ക്രമീകരിക്കാതെ ബാധ്യതയായി നിലനിർത്തുന്നു.

മുൻവർഷങ്ങളിലും തൻവർഷത്തിലും ബാലൻസ് ഷീറ്റ് B-7 പ്രകാരം 229415 രൂപ Deposits Received From Others ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ

ലഭ്യമാക്കാനാവശ്യപ്പെട്ടതിൽ(ഓഡിറ്റ് എൻകപയറി നം.29/04.03.2026) ആയത്, ഭൂമി തരംമാറ്റം ഇനത്തിലും പെൻഷൻ തുക തിരികെ ഈടാക്കിയ ഇനത്തിലും ലഭ്യമായ തുക സർക്കാറിലേക്ക് അടവാക്കാതെ അവശേഷിക്കുന്നതാണ് എന്നറിയിച്ചു. ആയത് ക്രമീകരിക്കേണ്ടതാണ്.

1-1-13 തനത് ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കൾക്ക് പ്രത്യേകം എ.സി.ആർ സൂക്ഷിച്ചില്ല.

ചുവടെ ചേർത്ത പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ. ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഗ്രാന്റുകളിൽ ബാധ്യതയായി B-4 ഷെഡ്യൂളിൽ ബുക്ക് ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല .

ശീർഷകം	തുക
320100196 Integrated Child Development Service	4330324
320200399 Other Grants & Contributions For Specific Purpose-Other Purpose	169353
320800199 Other Grants & Contributions For Specific Purpose-Capital	121537

ഓഡിറ്റ് എൻകപയറി നം.29/04.03.2026ന് ലഭ്യമാക്കിയ മറുപടിയുടെ കൂടെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിലുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-14 ഡെപ്പോസിറ്റ് വർക്ക് അല്ലാത്ത പദ്ധതി തുകകൾ B-18ൽ ബാധ്യതയായി ചേർത്തു.

A) പദ്ധതി നം. 35/25പ്രകാരം ജലനിധിക്ക് കൂടിവെള്ള പദ്ധതി വിഹിതമായി അനുവദിച്ച തുക KWAക്ക് ഡെപ്പോസിറ്റ് വർക്കിനായി അനുവദിച്ചതായി വാർഷിക കണക്കിൽ ചേർത്തു.

B) പദ്ധതി നം. 190/25 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച ശേഷം ആവശ്യമായ ബാലൻസ് തുക 36169 അനർട്ടിന് അനുവദിച്ചത് ഡെപ്പോസിറ്റ് വർക്കിനായി അനുവദിച്ചതായി വാർഷിക കണക്കിൽ ചേർത്തു.

1-1-15 ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാതെ ബാധ്യതയായി നിലനിൽക്കുന്നു.

മുൻവർഷ B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുണ്ടായിരുന്ന, Implementing Agencies ന് നൽകിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ്/ബാധ്യത തുകകൾ തൻവർഷ നീക്കിയിരിപ്പിലും നിലനിൽക്കുന്നതായി കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകപയറി നം.29/04.03.2026 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	ശീർഷകം	തുക
1	460500201 KWA	3222520
2	460500202 KSEB	1753257
3	460500204 GWD	132573
4	460500206 Anert	528000

1-1-16 വസ്തു നികുതി DCB വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

	ഡിമാന്റ്		കളക്ഷൻ		ബാലൻസ്	
	വാർഷിക കണക്ക് പ്രകാരം	സഞ്ചയ പത്രിക പ്രകാരം	വാർഷിക കണക്ക് പ്രകാരം	സഞ്ചയ പത്രിക പ്രകാരം	വാർഷിക കണക്ക് പ്രകാരം	സഞ്ചയ പത്രിക പ്രകാരം
തൻവർഷം	7656002	7656980	6738394	6753762	930995	887628
കുടിശ്ശിക	1446014	870329	394069	394511	499752	476616

1-1-17 തൊഴിലുറപ്പ് പദ്ധതിയുടെ തുക വ്യത്യാസം

തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ചെലവ് ഒഴികെയുള്ള/ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ ആകെ ചെലവ് തുക രജിസ്റ്റർ പ്രകാരം 14501162 രൂപയും വാർഷിക കണക്ക് പ്രകാരം 14480402 രൂപയുമാണ്. 20760

രൂപ വ്യത്യാസം ഉണ്ട്. ഓഡിറ്റ് എൻകവയറി നം.29/04.03.2026 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, വിവിധ മസ്റ്റർ റോളുകൾ പ്രകാരമുള്ള 20760 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ലഭ്യമായത് 2025-26ൽ ആണെന്ന് അറിയിച്ചു.

1-1-18 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. -

ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻകവയറി നം.29/04.03.2026 നൽകിയെങ്കിലും കാരണം വ്യക്തമാക്കിയിട്ടില്ല.

ക്രമ നം	അക്കൗണ്ട് വിവരം	നീക്കിയിരിപ്പ് തുക
1	KGB 40245101013612 Ast. Secretary	2193
2	KGB 40245101099773	200000
3	KGB 40245100106048	0
4	KGB 40245101082047	0
5	KGB 40245100106161	0

1-1-19 ബാങ്ക് സ്റ്റേറ്റ്മെന്റ്/ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല :

ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉണ്ടെങ്കിലും ആയവയുടെ ബാങ്ക്/ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ യഥാസമയം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മുന്നിരിപ്പ്/ നീക്കിയിരിപ്പ് വിവരം ഉറപ്പ് വരുത്താനായിട്ടില്ല.

ക്രമ നം	അക്കൗണ്ട് വിവരം	മുന്നിരിപ്പ് Rp40(a)	നീക്കിയിരിപ്പ് Rp40(b)
1	Sub Tr 799011400006240	5000	5000
2	Other Co-Op Bank 6161	21525	21525
3	Urban Co-Op Bank 2365	50	50
4	Co-Op Bank Own Fund Revenue Fund	0	0
5	ST മക്കരപ്പറമ്പ് 715111400000006	0	0
6	ST മക്കരപ്പറമ്പ് 799013000000690	0	0
7	IDBI SBM 0763104000148542	0	0
8	KGB 11111111111111	0	0
9	ST Makaraparamba 799011400001161	3947	3947
10	Urban Co-Op Bank 4001000002355	-	3137.5

ഓഡിറ്റ് എൻകവയറി നം.29/04.03.2026 നൽകിയതിന് മറുപടിയായി 06.03.2026ന് 'ഹാജരാക്കുന്നു' എന്ന് അറിയിച്ചെങ്കിലും രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമായിട്ടില്ല.

1-1-20 പ്രതിമാസ റീകൺസിലേഷൻ യഥാസമയം നടത്തിയില്ല,തുക വിവരം ലഭ്യമല്ലാത്ത ചെക്ക് ലീഫുകൾ

(A) കേരള പഞ്ചായത്ത് രാജ് ആക്ട് 2011 (ചട്ടം 57) പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലേിയഷൻ പത്രികകൾ യഥാസമയം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(B) ചില മാസത്തെ റിക്കൺസിലേഷനിൽ മുൻമാസങ്ങളിലെ തുകകളും ചേർത്ത് റിക്കൺസിലേഷൻ നടത്തിയതായിട്ടുണ്ട്. ഉദാ: KGB 40245101082056 അക്കൗണ്ടിലെ ഫെബ്രുവരി മാസത്തെ റിക്കൺസിലേഷൻ പത്രികയിൽ(സാക്ഷ്യപ്പെടുത്താത്തത്) 31.03.2024ലെ വൗച്ചർ നം. 22301281 പ്രകാരമുള്ള Cheque Issued But Not Presented To Bank തുക 219000 രൂപ, 18.07.2024ലെ Directly Debited By Bank തുക 21900 രൂപ എന്നിങ്ങനെ റിക്കൺസിലേഷൻ നടത്തിയതായി ഉണ്ട്.

(C) തുക എത്രയെന്ന് കൗണ്ടർഫോയിലുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെയും കാർബൺ കോപ്പി ഇല്ലാതെയും ചെക്ക് ലീഫുകൾ ഉപയോഗിച്ചതായി കാണുന്നുണ്ട്. ആയതിനാൽ തന്നെ എത്ര രൂപ ഇത്തരത്തിൽ ചെലവഴിച്ചു എന്നത് വ്യക്തമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	അക്കൗണ്ട് നം	ചെക്ക് നം	അപാകത
1	Urban Co-Op Bank 4001000002355	009516 – 009545	009522 മുതൽ 009545 വരെയുള്ളവയുടെ വിവരം

	തനത് ഫണ്ട്.		ലഭ്യമല്ല.
2	രാമപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്- 0020050002033 തനത് ഫണ്ട്	138701 - 138750	138733 (01.11.2024) വരെ ചെക്കുകൾ ഉപയോഗിച്ചവയുടെ കാർബൺ കോപ്പികൾ ലഭ്യമല്ല.

മേൽ അപാകതകൾ കാരണം വരവ് ചെലവ് തുകകൾ അക്കൗണ്ട് ചെയ്തതിലെ കൃത്യത ഓഡിറ്റിന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം.29/04.03.2026ന് ലഭ്യമാക്കിയ മറുപടി പ്രകാരം മുൻപുണ്ടായിരുന്ന അക്കൗണ്ടന്റ് 2024 ഏപ്രിൽ മാസം മുതലുള്ള റിക്കൺസിലേഷൻ ചെയ്യാതെയും കോണ്ട്ര എന്ട്രി കൃത്യമായി ചെയ്യാതെയും വന്നതിനാൽ മുന്നിരിപ്പ് ശരിയാക്കി റിക്കൺസിലേഷൻ ആരംഭിച്ചത് 2024 നവംബർ മാസത്തിലാണ് എന്നും ഇക്കാര്യത്തിൽ പരാതി നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചു.

1-1-21 റിക്കൺസിലേഷൻ പത്രികകൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് ും വാർഷിക കണക്കിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. -

ചുവടെ ചേർത്ത അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ പത്രികകൾ പ്രകാരമുള്ള ബാങ്ക് വാർഷിക കണക്കിലെ(RP 40b) നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നം	ബാങ്ക് അക്കൗണ്ട്	ബാങ്ക് ബുക്ക് നീക്കിയിരിപ്പ്	(RP 40b) നീക്കിയിരിപ്പ്	കുറിപ്പ്
1	KGB 40245101072183 -	7922	0	
2	SBI 41229122968	-242416	130739	31.12.2024ന് അപാകത സംഭവിച്ചിട്ടുണ്ട്.
3	Other Co-Op Bank 40245100105919 -	0	02, 03/25 ലെ റിക്കൺസിലേഷൻ ലഭ്യമാക്കിയിട്ടില്ല.	

1-1-22 ക്ഷേമ പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

വാർഷിക കണക്ക് I-14d പ്രകാരമുള്ള വിവിധ ക്ഷേമ പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് രേഖകളോ രജിസ്റ്ററുകളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് എൻകുയറി നം.29/04.03.2026ന് മറുപടിയായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ തുക ആയതിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

1-1-23 കാഷ് ബുക്ക്, ഡേ ബുക്ക് - പൂർണ്ണമായും യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചില്ല.

ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ പൂർണ്ണമായും യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ല.

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി	2024-25 ലെ പുതുക്കിയ ബജറ്റ് തീരുമാന നമ്പർ./തിയ്യതി
1 (1) , 08-02-2024	1(1) , 14-03-2025

1-3 സാമ്പത്തിക വിശകലനം

ഇനം	തുക
മുന്നിരിപ്പ്	48115040
വരവ്	68707405

ആകെ	116822445
ചെലവ്	64694594
നീക്കിയിരിപ്പ്	52127851

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	1,84,88,835	1,84,88,835	1,84,87,843	992
വികസനഫണ്ട് (എസ്.സി.പി)	0	39,79,698	39,79,698	39,79,449	249
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	2,66,64,000	2,66,64,000	2,45,98,969	20,65,031
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	84,49,000	84,49,000	77,58,844	6,90,156
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied	0	80,14,980	80,14,980	59,55,172	20,59,808
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied	0	34,44,848	34,44,848	25,47,147	8,97,701

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2024-25	277	24,35,32,003	223	10,22,98,584	0	54	80.5%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	742893	2016150	2759043	2750793	8250
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	14480402	14480402	14480402	0

1-7 ക്ഷേമ പെൻഷൻ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	4167200
വിധവാപെൻഷൻ	18594300
വാർദ്ധക്യകാലപെൻഷൻ	28739800
വികലാംഗപെൻഷൻ	7589100
വിവാഹ ധനസഹായം	30000
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2572000

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.2026 ന് 3:40 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2705/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് തുടങ്ങിയ പ്രധാന വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല.

2. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരെ ചുമതലയേൽപിക്കുന്ന ജോലികളുടെ ഫയലുകൾ കൃത്യമായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. മോണിറ്ററിംഗ് കാര്യക്ഷമമല്ല.

5.കറന്റ് അക്കൗണ്ടിൽ വൻ തുക നിക്ഷേപിക്കുന്നത് പലിശയിനത്തിലുള്ള വരുമാന നഷ്ടത്തിന് കാരണമാകുന്നു.

6. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് ഉൾപ്പെടുത്താവുന്നതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
എ.ജി ഓഡിറ്റ്	28-11-2009 To 11.12.2009	2008 To 2009	11-01-2010
പെർഫോമൻസ് ഓഡിറ്റ്	22-11-2022	01-03-2022 To 31-05-2022	23-11--2022

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം

ആമുഖം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911/- കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051/- കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

	ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര്
1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും (ഗ്രാമ പഞ്ചായത്തുകൾ) സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും (ബ്ലോക്ക് പഞ്ചായത്തുകൾ) കെട്ടിടം നിർമ്മിക്കുവാൻ സഹായം
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം
3	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
4	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

ഡി.കെ.എസ്.എ. /201/ PT 1/ 2025 തീയതി 16.05.2025 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25

വാർഷിക ഓഡിറ്റിന്റെ ഭാഗമായി പതിനഞ്ചാം കേന്ദ്ര ധനകാര്യക്കമ്മീഷന്റെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് ഒരു പൊതുവിഷയമായി പരിശോധന നടത്തി നിരീക്ഷണങ്ങൾ/പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകയറി നം. 1/26.02.2065ന് ലഭ്യമാക്കിയ മറുപടിയും 2021-22 മുതലുള്ള "സുലേഖ" ചെലവ് പത്രികകളും ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച മറ്റ് രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന് നാളിതു വരെ ലഭ്യമായിട്ടുള്ള ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവും ഫലപ്രാപ്തിയും സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു -

1. നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വിവരം

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന് 2021-22 വർഷം മുതൽ സ്കീം-1 സ്കീം-3, സ്കീം-4 എന്നിവയിലായി ഹെൽത്ത് ഗ്രാന്റ് ലഭ്യമായതിന്റെയും ആയവ ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു. ഓരോ വർഷവും ലഭ്യമായ ഹെൽത്ത് ഗ്രാന്റ് തുകകൾ അടുത്ത വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ചെലവഴിച്ചതിന്റെ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്കീം-1 ൽ തുകയൊന്നും ലഭ്യമായിട്ടില്ല.

വർഷം	സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs	സ്കീം - 4 Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres
2021-22	0	0
2022-23	402464	260897
2023-24	997000	413000
2024-25	416000	657000
ആകെ	1815464	1330897

2. ഓരോ സ്കീമിലും നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

വർഷം	സ്കീം -3 Health Grant Towards Support For Diagnostic Infrastructure To The PHCs	സ്കീം -4 Health Grantto Wards Conversion Of PHCs &Subcenters In To Health & Wellness Centres
21-22	0	0
22-23	99367	0
23-24	43250	45080
24-25	243451	465469
ആകെ	386068	510549

2) ഹെൽത്ത് ഗ്രാന്റ് ചെലവ് വിവരം

ഓരോ വർഷവും നടപ്പാക്കിയ പ്രോജക്ടുകൾ മുഖേന വിവിധ സ്കീമുകളിലായി ഹെൽത്ത് ഗ്രാന്റ് തുക ചെലവഴിച്ചതിന്റെ വിവരം ചുവടെചേർക്കുന്നു.

വർഷം	പ്രോ. നം.	പ്രോജക്ട് പേര്	പ്രോജക്ട് ചെലവ് (₹)		
			സ്കീം -1	സ്കീം - 3	സ്കീം - 4
2022-23	219	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	99367	0
2023-24	267	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	0	45080
	212	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ		43250	
2024-25	323	ആരോഗ്യഉപ കേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	0	0	4462

	324	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	26508	0
	342	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	0	0	56404
	So325	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	216943	0
	So322	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	0	0	404603
		ആകെ		386068	510549
		ഒട്ടാകെ	896617		

3) നീക്കിയിരിപ്പ് വിവരം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 31.03.2025 തീയ്യതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (പലിശ ഉൾപ്പെടെ)

സ്കീം നം.	**1**അക്കൗണ്ട് ശീർഷകം	നീക്കിയിരിപ്പ് **(₹)**
3	320100202 - Grants For Specific Purposes – Health Grant Towards Support For Diagnostic InfraStructure To The PHCs	1491446
4	320100204 - Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	853995
	ആകെ	**2345441**

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക മുഴുവനായും വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടു കൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ ഫണ്ട് ഉപയോഗിച്ചു കൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക്തൃ വിഹിതം 10% ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച്, ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിന്റെയും ഓഡിറ്റ് എൻകൗയറിക്ക് (നം.03/24-25/26-02-2026) ലഭിച്ച മറുപടിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15%, ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.

2) വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടില്ല.

3) ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് താഴെ പറയും പ്രകാരം തുക പിരിച്ചെടുത്തിട്ടുണ്ട്.

വർഷം	തുക
2021-2022	44,21,683
2022-2023	44,21,683
2023-2024	44,21,683

2024-2025	44,21,683

എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതു വരെ ഡിമാന്റ് ലഭ്യമാവാത്തതിനാൽ മേൽ തുകകൾ അടവാക്കിയില്ലെന്നാണ് അറിയിച്ചത്.

4) ഫണ്ടിന്റെ അപര്യാപ്തത മൂലം ജൽജീവൻ മിഷൻ പദ്ധതിക്കായി പഞ്ചായത്ത് നാളിതുവരെ തുക വകയിരുത്തിയിട്ടില്ല.

5) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നാളിത് വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

1-13 ബാങ്കിൽ നിന്നുള്ള പിൻവലിക്കൽ - രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. -

ഗ്രാമ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ ക്രമ പ്രകാരമല്ല എന്ന് വ്യക്തമാവുന്നു. വിശദ വിവരം

1. വിവിധ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിച്ചത് യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ചെക്ക് നമ്പർ / തിയ്യതി	തുക	തുക ബാങ്കിൽ നിന്നും പിൻവലിച്ച തിയ്യതി	ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്ത തിയ്യതി/തുക	ബാങ്ക് അക്കൗണ്ട്
1	138733/1.11.24	868986	2.11.24	1.11.24/671487 8.11.24/153940 16.11.24/43560	രാമപുരം സർവ്വീസ് സഹകരണ ബാങ്ക് പുഴക്കാട്ടിരി (20050002033)
2	138736/16.11.24	2725	16.11.24	11.12.24/2725	
3	141204/03.04.25	868494	03.4.25	05.05.25/868494	
4	10226/22.11.24	47785	22.11.24	16.11.24/4248 20.11.24/16027 10.12.24/27510	ദ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (0004001000002355)
5	10235/24.12.24	15497	24.12.24	31.03.25/15497	
6	10239/07.1.25	12903	07.01.25	21.02.25/12903	
7	10251/14.3.25	11866	14.03.25	31.03.25/11866	
8	10257/08.04.25	11866	08.04.25	26.08.2025/11866	
9	10258/10.04.25	56165	10.04.25	05.05.25/56165	
10	10259/11.04.25	3533	11.04.25	07.08.25/1533 26.08.25 /2000	
11	10260/24.04.25	8600	24.04.25	07.08.25/8600	
12	10261/25.04.25	3600	25.04.25	10.07.25/3600	
13	10263/19.05.25	58231	19.05.25	31.05.25/58231	
14	10266/03.06.25	118500	03.06.25	30.06.25/118500	

2. ബാങ്ക് ബുക്കിൽ ചേർത്ത വിവരങ്ങളും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെക്ക് നമ്പർ	പിൻവലിച്ച തുക		ബാങ്ക്/ അക്കൗണ്ട് നമ്പർ	റിമാർക്സ്
		പാസ്സ്ബുക്ക് പ്രകാരം	ബാങ്ക് ബുക്ക് പ്രകാരം		
1	138734/16.11.2024.	62386	61252	രാമപുരം സർവ്വീസ് സഹകരണ ബാങ്ക് പുഴക്കാട്ടിരി /20050002033	12.11.24 ൽ പ്രസ്തുത ചെക്ക് നമ്പറിൽ 3177, 58075 എന്നീ രണ്ട്

					തുകയാണ് ബാങ്ക് ബുക്കിൽ ചേർത്തിട്ടുള്ളത്
2	141201/ 02.04.2025	704010	687868		
3	141202 /07.04.2025	2089473	2023923		
4	9878/21.10.2024	1167	500	ദ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് /0004001000002355	
5	9876/21.10.2024	4720	118		
6	10223 /11.11.2024.	133014	28216		
7	10225/16.11.2024	38218	25639		
8	10227/02.12.2024.	38891	27792		

3. ബാങ്ക് സ്റ്റേറ്റ്മെന്റിൽ പണം പിൻവലിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന ചെക്ക് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ പിൻവലിക്കലുകൾ നടത്തി.

ക്രമ നമ്പർ	ബാങ്ക്	ചെക്ക് നമ്പർ	തുക	പിൻവലിച്ച തിയ്യതി
1	SBI-00000067386128934	ലഭ്യമല്ല	2000	06.01.2026
2	രാമപുരം സർവ്വീസ് സഹകരണ ബാങ്ക് പുഴക്കാട്ടിരി (20050002033)	141221/18.08.2025	14894	19.08.2025
		1414236/05.01.2026	81635	07.01.2026
3	ദ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (0004001000002355	10237	4248	26.12.2024
		10236	8800	04.01.2025

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (17/24-25/03.03.2026) ലഭ്യമായ മറുപടിയിൽ പട്ടിക 1 ലെ അപാകതക്ക് കാരണമായി പറഞ്ഞിട്ടുള്ളത് സ്ഥിരമായ സെക്രട്ടറിമാർ ഇല്ലാത്തത് മൂലം പെയ്മന്റ് പ്രൊസസിംഗിന് കാലതാമസം നേരിട്ടതാണ്, പേയ്മെന്റ് അംഗീകരിക്കുന്നതിലെ കാലതാമസം, തുടങ്ങിയവയാണ്. ആയത് അംഗീകരിക്കാവുന്നതല്ല. പട്ടിക 2 ൽ ക്രമ നം 1,2,4,5,6,7 എന്നിവക്ക് ബാങ്ക് ബുക്കിൽ ചെക്ക് നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് എന്നും ക്രമ നമ്പർ 3 ന് ഫയൽ നടപടി പൂർത്തിയാകാതെ തീർപ്പാക്കിയതിനാൽ പെന്റിംഗ് ടാസ്ക് വഴി തുക അനുവദിച്ചു എന്നും ക്രമനം 8 ന് ബാക്കി തുകയായ 11099 രൂപക്കുള്ള ഫയലിൽ പേയ്മെന്റ് ആക്കാതെ ഫയൽ തീർപ്പാക്കിയതിനാൽ പുതിയ പെയ്മെന്റ് നൽകേണ്ടതായി വരും എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. പട്ടിക 3 ലെ അപാകതകൾക്കും രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല. രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നു. പലിശ വരുമാനം നഷ്ടം

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർഇവി2 പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്- കൊമേഴ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം എന്നും ഗ്രാമ പഞ്ചായത്തുകൾ എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക റീകൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫെർ ചെയ്യേണ്ടതാണെന്നും ഈ അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്

എന്നാൽ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റ് / യു.പി.ഐ എന്നിവയ്ക്ക വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67386128934) 01.04.24 ന് 73,34,217/- രൂപ മൻബാക്കിയും 31.3.2025 ന് 1,06,61,019/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 72,42,238- രൂപ, 1,06,49,203/- രൂപ. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നീക്കിയിരിപ്പായി സൂക്ഷിക്കുന്നത് മൂലം

പലിശയിനത്തിലുള്ള വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്. ബാലൻസ് തുക പലിശ ലഭിക്കുന്ന വിധത്തിൽ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ- 16/24-25/ 03.03.2026 ന് ആയത് സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-15 പെർമിറ്റ് ഫീ/ റെഗുലറൈസേഷൻ ഫീ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

കെട്ടിട നിർമ്മാണ അനുമതി/ ക്രമവത്ക്കരണം എന്നീ ആവശ്യങ്ങൾക്കായി സമർപ്പിച്ച താഴെ പറയുന്ന ഫയലുകൾ പ്രകാരം ഈടാക്കിയ പെർമിറ്റ് ഫീ/ റെഗുലറൈസേഷൻ ഫീസിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല -

ക്രമ നമ്പർ	ഫയൽ നമ്പർ	അപേക്ഷകന്റെ വിവരം	കെട്ടിടത്തിന്റെ വിസ്തീർണ്ണം/ ഉപയോഗക്രമം/	റിമാർക്സ്
1	400887-BRRL01-GPO-2024-1198 /02.03.2024	ശ്രീ.സക്കീർ അലി മാമ്പ്രത്തൊടി	187.40 ച.മീ-വ്യവസായ ഗണം	ക്രമവത്കരണത്തിനായി സമർപ്പിച്ച അപേക്ഷയിൽ ക്രമവത്കരണ ഫീസ് ഈടാക്കിയതായി കാണുന്നില്ല.എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ 19.08.2024 ന് രസീത് നമ്പർ 1240601097 പ്രകാരം വസ്തു നികുതി അടവ് വന്നതായി കാണുന്നു.
2	400887-BPRL01-GPO-2024-458/18.01.2024	ശ്രീ.അബ്ദുൽ അസീസ്.ടി.ടി	1.85.97 ച.മീ-താമസ ഗണം 2.85.22 ച.മീ-താമസ ഗണം	കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം ഫീസിനത്തിൽ 17119 രൂപയും ക്രമവത്കരണ ഫീസിനത്തിൽ 34238 രൂപയും ഡിമാൻഡ് ചെയ്തെങ്കിലും 13.06.2024 ലെ രസീത് നമ്പർ 1240600441 പ്രകാരം 8560 രൂപയാണ് അടവാക്കിയതായി കാണുന്നത്.

മേൽ ഫയലുകൾ പ്രകാരം ഡിമാൻഡ് ചെയ്ത മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ 39/24-25/06.03.2026 ന് ക്രമ നമ്പർ 1 പ്രകാരമുള്ള തുക അടവാക്കിയിട്ടില്ലെന്നും ആയത് അടവാക്കുന്നതിനായി അപേക്ഷകന് നോട്ടീസ് നൽകുമെന്നും അറിയിച്ചു.ക്രമനമ്പർ 2 പ്രകാരം ഡിമാൻഡ് ചെയ്ത തുകയിൽ 8560 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളതെന്നും പ്രസ്തുത സമയത്തെ ബിൽഡിംഗ് സെക്ഷന് എൻകെയറി സംബന്ധിച്ച വിവരങ്ങൾ നൽകിയതായും ആയതിന്

മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു.മേൽ ഫയലുകൾ പ്രകാരം ഡിമാന്റ് ചെയ്ത മുഴുവൻ തുകയും അടവാക്കിയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-16 ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു -വസ്തു. നികുതി നഷ്ടം

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023 ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

മേൽ പ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും , വസ്തു നികുതി/ പെർമിറ്റ് ഫയലുകളുടെയും പരിശോധനയുടെയും ഭാഗമായി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ ഡോ. ഫസൽ ഗഫൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ അധികനിർമ്മാണം ക്രമവത്കരിക്കുന്നതിനും പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിനുമായി ലഭ്യമാക്കിയ 18.06.2024 ലെ 400887/BPMC01/GPO/2024/932 നമ്പർ ഫയൽ പ്രകാരമുള്ള വിവരങ്ങളും സഞ്ചയ സോഫ്റ്റ്വേയറിലെ വിവരങ്ങളും പരിശോധിക്കുകയുണ്ടായി.

04.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഇത്തരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 01.04.2015 മുതൽ ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കായി നിശ്ചയിച്ചിട്ടുണ്ട്. GO(P)No. 25/2023/LSGD തിയ്യതി 05.04.2023 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, 2023-24 മുതലുള്ള പുതുക്കിയ വസ്തു നികുതി നിരക്കുകൾ 08.09.2023 ലെ 2(4) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അന്തിമമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 2023-24 മുതൽ സ്വകാര്യ ഹോസ്റ്റലുകൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയാണ് അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്.

18.06.2024 ലെ 400887/BPMC01/GPO/2024/932 നമ്പർ ഫയൽ പ്രകാരമുള്ള താഴെ പറയുന്ന സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് 2015-16 മുതൽ 2022-23 വരെയുള്ള കാലയളവിൽ ചതുരശ്ര മീറ്ററിന് 30 രൂപ പ്രകാരമാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. തുടർന്ന് 2023-24 മുതൽ ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ മേൽകാലയളവിൽ ഏത് ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് എന്നത് വ്യകതമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയ, നിലവിലെ പെർമിറ്റ്,ക്രമവൽക്കരണ അപേക്ഷ പ്രകാരമുള്ള വിവരങ്ങൾ

കെട്ടിട നമ്പർ, ഉപയോഗ ക്രമം	2024ന് മുൻപുള്ള വിസ്തീർണ്ണം (M2)	നിലവിലെ വിസ്തീർണ്ണം (400887/BPMC01/GPO/2024/932 നമ്പർ ഫയൽ പ്രകാരമുള്ള)	വാർഷിക വസ്തു നികുതി		
			2022-2023 വരെ	2023-24	2024-25
8/300,സ്വകാര്യ ഹോസ്റ്റൽ	4905	8244.75	**25409**	26680	283264
8/301,സ്വകാര്യ ഹോസ്റ്റൽ	283.8	169.8	**6812**	7153	9806
8/302,സ്വകാര്യ ഹോസ്റ്റൽ	567.6	544.5	**15326**	16093	35736
8/303,സ്വകാര്യ ഹോസ്റ്റൽ	567.6	535.04	**15326**	16093	35112
8/304,സ്വകാര്യ ഹോസ്റ്റൽ	567.6	507.84	**15326**	16093	33326

8/305,സ്വകാര്യ ഹോസ്റ്റൽ	567.6	569.18	**15326**	16093	37353
8/306,സ്വകാര്യ ഹോസ്റ്റൽ	567.6	569.18	**15326**	16093	37353
8/315,പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ	38	456.96	**1724**	1811	2879
ആകെ	8064.8	11597.25	110575	116109	474829

മേൽ ഉത്തരവുകൾ നിലനിൽക്കെ സ്ഥാപനത്തിലെ ക്രമവൽക്കരിച്ചവയും അല്ലാത്തവയുമായ ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 37/24-25/05.03.2025ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഹോസ്റ്റൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ചുവടെ ചേർത്ത അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) 2022-2023 വരെയുള്ള കാലയളവിൽ സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് ഏത് ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് എന്നത് വ്യകതമല്ല.

2)ഗ്രാമപഞ്ചായത്തിന്റെ 2023ലെ വസ്തു നികുതി പരിഷ്കരണത്തിന് മുൻപ് പാർപ്പിട കെട്ടിടങ്ങളായിട്ടാണ് ഹോസ്റ്റൽ കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയത്. ആകെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം 8026.8 ച.മീ ആണ്. ആയത് പ്രകാരം എല്ലാ ഹോസ്റ്റൽ കെട്ടിടങ്ങളിലുമായി ആകെ 108851 രൂപ നികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ 2015-16 മുതൽ 30 രൂപയാണ് നികുതി നിരക്ക്. ആയത് പ്രകാരം 2015-16വരെ അടിസ്ഥാന വസ്തുനികുതിയിൽ തന്നെ ചുവടെ ചേർത്ത പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നുണ്ട്.

((8026.8 ച.മീx30)x9 വർഷം (2015-16 മുതൽ 2023-24 വരെ) =2167236)-108851 = 2058385 രൂപ

3) 2024-25 വർഷത്തിൽ സ്ഥാപനത്തിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരണം നടത്തിയത് വഴി ഹോസ്റ്റൽ കെട്ടിടങ്ങളിലായി 3113.5 ച.മീ (ആകെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം-11140.3) ഏരിയ അധികമുള്ളതായി വന്നിട്ടുണ്ട്. ആയതും 2024-25 മുതലുള്ള പുതുക്കിയ വസ്തുനികുതി നിരക്ക് 50 രൂപയായതും വഴി ഗ്രാമപഞ്ചായത്തിലെ ഹോസ്റ്റൽ ഗണം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിനത്തിൽ 2024-25ൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം സംഭവിച്ചതായി കാണുന്നുണ്ട്.

((11140.3ച.മീx50) =557015)-471950=85065 രൂപ

4) GO(P)No. 25/2023/LSGD തിയ്യതി 05.04.2023 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, 2023-24 മുതലുള്ള പുതുക്കിയ വസ്തു നികുതി നിരക്കുകൾ 08.09.2023 ലെ 2(4) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അന്തിമമായി വിജ്ഞാപനം ചെയ്തത് പ്രകാരം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) എന്നീ വിഭാഗം 300 ചതു.മീ. മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കായി 8 രൂപയും, 300 ച.മീ.വരെയുള്ള കെട്ടിടങ്ങൾക്ക് ചതു.മീ. ന് 6 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മേൽ വിഭാഗത്തിൽപ്പെട്ട 8/315 നമ്പർ കെട്ടിടത്തിന് ക്രമവത്കരണത്തിന് ശേഷം 456.96 ച.മി വിസ്തീർണ്ണമുണ്ടായിട്ടും ഈ കെട്ടിടത്തെ 300 ചതു.മീ. വരെയുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 6 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ആയത് മൂലം അടിസ്ഥാന വസ്തു നികുതിയിനത്തിൽ 2024-25ൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം സംഭവിച്ചതായി കാണുന്നു - 456.96x8-456.96x6=913.92 രൂപ.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരം ഈടാക്കാവുന്ന നികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

1-17 അനധികൃത നിർമ്മാണം - ക്രമവത്കരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം

രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പൂതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17 (2) പ്രകാരം ഈ ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000 രൂപ അല്ലെങ്കിൽ പൂതുക്കിയ വസ്തു നികുതി നിർണ്ണയം മൂലമുണ്ടാകുന്ന വസ്തു നികുതി വർദ്ധനവ് ഏതാണ് അധികം ആയത് പിഴയായി ചുമത്താവുന്നതാണെന്നും ചട്ടം 17 (3) പ്രകാരം മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക വസ്തു നികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർ നിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും വസ്തു നികുതി ഡിമാന്റ് രജിസ്റ്ററുകളിലും ഭേദഗതികൾ വരുത്തേണ്ടതും കെട്ടിട ഉടമയ്ക്ക് പൂതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.കൂടാതെ ക്രമ നമ്പർ 23 പ്രകാരം പരിശോധനയിൽ മാറ്റം വരുത്തിയതായി കണ്ടെത്തുന്നവയിൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ക്രമവത്കരിക്കുകയോ പൊളിച്ചു മാറ്റുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട ഭാഗങ്ങളുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നത് വരെ ആ ഭാഗങ്ങൾക്ക് , 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 235 എ എ പ്രകാരം പ്രസ്തുത കെട്ടിടം ഭാഗം നിയമാനുസൃതമായിരുന്നെങ്കിൽ ചുമത്തേണ്ടിയിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി നിർണ്ണയിക്കേണ്ടതുമാണ്.

മേൽ പ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും , വസ്തു നികുതി/ പെർമിറ്റ് ഫയലുകളുടെയും പരിശോധനയുടെയും ഭാഗമായി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ ജനറൽ സെക്രട്ടറി , എം.ഇ.എസ് മലപ്പുറം എന്നിവർ പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കെട്ടിടത്തിന് നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിനുമായി സമർപ്പിച്ച 18.06.2024 ലെ 400887/ BPMC01/GPO/2024/932 നമ്പർ ഫയലിന്റെ തുടർ നടപടിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളിൽ പ്രതിപാദിച്ചിട്ടുള്ള കെട്ടിടങ്ങളിലെ വിവരങ്ങൾ സഞ്ചയ പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ നിന്നും പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളായ മെഡിക്കൽ കോളേജ് കം പാരാമെഡിക്കൽ ബിൽഡിംഗ്, ഹോസ്റ്റൽ ബ്ലോക്കുകൾ (ലേഡീസ്, ബോയ്സ്) , വിവിധ സ്റ്റാഫ് ക്വാർട്ടേഴ്സ് ബിൽഡിംഗുകൾ , ജനറേറ്റർ റൂം, ചിൽഡ്രൻസ് പ്ലെയിംഗ് ഏരിയ ഉൾപ്പെടെയുള്ള ബിൽഡിംഗുകളിൽ അധിക നിർമ്മാണമുള്ളതായി നോട്ട് ഫയൽ ഖണ്ഡിക 5 ൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 7 പ്രകാരമുള്ള ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കെട്ടിടങ്ങളിൽ താഴെ പറയും പ്രകാരം അധിക നിർമ്മാണം നടത്തിയിട്ടുണ്ട്.

കെട്ടിട നമ്പർ	ഉപയോഗ ക്രമം	സഞ്ചയ പ്രകാരം	യഥാർത്ഥ വിസ്തീർണ്ണം	അധിക നിർമ്മാണം
8/300	Boy's Hostel	4905	8244.75	3339.75
8/301	Girl's Hostel	283.8	169.80	0.00
8/302	Girl's Hostel	567.6	544.54	0.00
8/303	Girl's Hostel	567.6	535.04	0.00
8/304	Girl's Hostel	567.6	507.81	0.00
8/305	Girl's Hostel	567.6	569.18	1.58
8/306	Girl's Hostel	567.60	569.18	1.58
	Girl's Hostel	0.00	72.83	72.83
8/307	Residential A2	92.00	152.96	60.96
8/308	Residential A2	92.00	233.60	141.60
8/309	Residential A2	92.00	144.00	52.00
8/310	Residential A2	92.00	95.36	3.36
8/311	Residential A2	92.00	95.36	3.36
8/312	Residential A2	144	97.28	0
8/313	Residential A2	144	96	0

8/314	Residential A2	144	132.4	0
8/315	Generator Room	38	456.96	418.96
8/319	Paramedical Building	17400	19680.24	2280.24

എന്നാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാതെ അധിക നിർമ്മാണത്തിനുള്ള ക്രമവത്കരണ ഫീസ് ഈടാക്കി മേൽ കെട്ടിടങ്ങൾ ക്രമവത്കരിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1) ചട്ടം 17 (2) പ്രകാരമുള്ള പിഴ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2) ചട്ടം 17 (3) പ്രകാരം മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക വസ്തു നികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർ നിർണ്ണയിക്കേണ്ടതാണ്. ആയത് ചെയ്തതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

3) സൈറ്റിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച നിർമ്മിതികൾ ആയവ എന്ന് മുതലാണോ പ്രവർത്തനം ആരംഭിച്ചത് എന്നത് പരിശോധിച്ച് നിർമ്മിതികൾ ക്രമവൽക്കരിക്കുന്നത് വരെ UA നമ്പർ അനുവദിച്ച് വകുപ്പ് 235 എ എ പ്രകാരം പ്രസ്തുത കെട്ടിടം ഭാഗം നിയമാനുസൃതമായിരുന്നെങ്കിൽ ചുമത്തേണ്ടിയിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകവയറി നമ്പർ -38/24-25/06.03.2026 ന് ക്രമനമ്പർ 1 പ്രകാരമുള്ള പിഴ നാളിതു വരെ ഈടാക്കേണ്ടി വന്നിട്ടില്ലായെന്നും ക്രമനമ്പർ 2 ന് ലഭ്യമായ 9B അപേക്ഷകൾ പ്രൊസ്സസ് ചെയ്യുന്നതിലൂടെ പരിഹരിക്കുന്നതായിരിക്കുമെന്നും അറിയിച്ചെങ്കിലും മേൽ കെട്ടിടങ്ങളിലെ തുടർനടപടികളെ സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളുടെ സംഗതിയിൽ ക്രമനമ്പർ 1, 2, 3 ലെ തുകകൾ കണക്കാക്കി ,ആയത് ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-18 പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതിനേക്കാൾ തുക ചെലവഴിച്ചു :

പ്രോജക്ടിന്റെ പേര്	253/25 മത്സ്യ വിൽപനയ്ക്കായി ഐസ് ബോക്സ് വിതരണം
നിർവ്വഹണോദ്യോഗസ്ഥൻ	സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
അടങ്കൽ/ഫണ്ടിനം	63,000(വികസന ഫണ്ട്-ജനറൽ-31500, ഗ്രാ.വി-31500)
ചെലവ്	42292 (വികസന ഫണ്ട് ജനറൽ-31500, ഗ്രാ.വി-10792)
വൗച്ചർ നമ്പർ/തീയതി	BRN 241511520334007268 13/30.09.2024

സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ.28.05.2022 ഖണ്ഡിക 6.4.സി.(മൽസ്യ വിപണനം – സമുദ്ര ഉൾനാടൻ മേഖല) ക്രമ നമ്പർ 3 പ്രകാരം മത്സ്യ വിൽപനയ്ക്കായി ഐസ് ബോക്സ് വിതരണം ചെയ്യുന്ന പദ്ധതിയിൽ യൂണിറ്റ് വിലയുടെ 50% ,പരമാവധി 1750 രൂപയാണ് സബ്സിഡിയായി നൽകാവുന്നത്. ആയത് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട വിഹിതം 1750 രൂപയാണ്. എന്നാൽ 12 ഗുണഭോക്താക്കളിൽ നിന്നും 1774 രൂപ വീതം ഗുണഭോക്തൃ വിഹിതമായി പിരിക്കുകയും ആയത് പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡ് വ്യാസ സ്റ്റോർ, താനൂർ ,മലപ്പുറത്തിന്റെ 28.02.2024 ലെ നമ്പർ രേഖപ്പെടുത്താത്ത പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ടാക്സ് ഉൾപ്പെടെ ഒരു ഐസ് ബോക്സിന് 3524.3 രൂപയായതിനാൽ പരമാവധി സബ്സിഡി 1750 രൂപ കിഴിച്ചുള്ള 1774 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി മത്സ്യഫെഡ് വ്യാസ സ്റ്റോർ, താനൂർ ,മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 12 പേർക്ക് ഐസ് ബോക്സ് വാങ്ങി വിതരണം ചെയ്ത വകയിൽ മേൽസ്ഥാപനത്തിന്റെ TNR/GST/00657/12.11.2024 ഇൻവോയ്സ് പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്ന് 31500 രൂപയും ഗുണഭോക്തൃ വിഹിതമായി പിരിച്ച തുകയിൽ നിന്നും 10792 രൂപയും ഉൾപ്പെടെ ആകെ 42292 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 12 ഗുണഭോക്താക്കൾക്കായി വികസന ഫണ്ട് ജനറലിൽ നിന്ന് ചെലവഴിക്കാവുന്ന പരമാവധി തുക 21000 (12x1750) രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ നിന്നും 21292 രൂപയുമായിരിക്കെ 31500 രൂപ വികസന ഫണ്ട് ജനറലിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. അതായത് സബ്സിഡി ഇനത്തിൽ വികസന ഫണ്ടിൽ നിന്നും 10500 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അപാകതക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകവയറി നമ്പർ-18/24-25/03.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വികസന ഫണ്ടിൽ നിന്നും അധികമായി

ചെലവഴിച്ച 10500 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 പൈപ്പ് വർക്കിന് അധിക നിരക്ക് നൽകി

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 നടപ്പിലാക്കിയ അംഗീകൃത സ്കൂളുകളിൽ സോക്പിറ്റ് നിർമ്മാണം (222/25) എന്ന പ്രവൃത്തി അക്രിഡിറ്റഡ് ഏജൻസി ആയ SILK ബേപ്പൂർ ,ടെണ്ടർ മുഖേന 11 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രവൃത്തി	അംഗീകൃത സ്കൂളുകളിൽ സോക്പിറ്റ് നിർമ്മാണം (222/25)
അടങ്കൽ	454260 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	415887
വൗച്ചർ നം.	XVFC/2024-25/P/24 Dt.8.1.2025
എഗ്രിമന്റ്	6/15.2.24

പ്രവൃത്തിയിലെ Item No.12 Steel Work For Purlin/Single Section With GI Pipes Including Cutting ,Hosting എന്നീ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച നിരക്ക് 153.29 /K.Gആണ്.(DSR 2018 , കോഡ് 50.10.2) എന്നാൽ പ്രവൃത്തി പൂർത്തിയാക്കി തുക അനുവദിച്ചത് 169 നിരക്കിലാണ് (10.16.1 -Steel Work In Built Up Tubular (Round,Square Or Rectangular Hollow Tubes Etc എന്ന ഇനം ചെയ്തതായിട്ടാണ് ബിൽ സമർപ്പിച്ചിട്ടുള്ളത്) ALPS പുഴക്കാട്ടിരി,GLPS ചൊവ്വണ എന്നീ സ്കൂളുകളിൽ പ്രവൃത്തി നേരിൽ പരിശോധിച്ചതിൽ Single Section പ്രവൃത്തി ആയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ താഴെപറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

പ്രവൃത്തി ചെയ്തത്	നൽകിയ നിരക്ക്	നൽകാവുന്നത്	അധികം
782.876 K.G	169.87 X 782.876 =132987.15	153.29x 782.876=120007.06	12980.15
18 % ജി.എസ്.ടി, 8 % സെന്റേജ് ചാർജ് , സെന്റേജ് ചാർജിന്റെ 18% ജി.എസ്.ടി എന്നിവ ഉൾപ്പെടെ അധികം നൽകിയത് (2336 .41 ജി.എസ്.ടി , 1038.41 സെന്റേജ് , 186.91 സെന്റേജ് ചാർജിന്റെ ജി.എസ്.ടി)			16541.88

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതും ആണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി (നം.31/04.03.2026) തുക തിരികെ ലഭ്യമാക്കാൻ SILK ന് കത്ത് നൽകിയിട്ടുണ്ടന്നും തുക അടവാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധികമായി നൽകിയ 16542 രൂപ ഉത്തരവാദിയായ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-20 മഴക്കാല പൂർവ്വശുചീകരണം- ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

വൗച്ചർ നമ്പർ : 22400125/01.06.2024 (329810/-)

മഴക്കാല പൂർവ്വശുചീകരണത്തിനായി ഒരു വാർഡിന് 20000/- രൂപ വീതം ശുചിത്വമിഷൻഫണ്ടിൽ നിന്നും നൽകുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ കഴിഞ്ഞ വർഷം നൽകിയ ഫണ്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയതിൽ (15000/വാർഡ്) 10190/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതിനാൽ ആയത് കുറവാക്കി 329810/-രൂപ വൗച്ചർ നമ്പർ 22400125/01.06.2024 പ്രകാരം മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ചെയ്തു.

മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ 2022-23 , 2023-24 വർഷങ്ങളിലെ വിനിയോഗ സാക്ഷ്യപത്ര (28.05.2024 ലെ 121/2024) ത്തിൽ താഴെ പറയും പ്രകാരം വിവിധ വാർഡുകളിലായി തുക ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്.

ക്രമ നമ്പർ	വാർഡ് നമ്പർ	ചെലവഴിക്കാനവശേഷിക്കുന്നതുക	
		2023-24	2024-25
1	1	1020	-
2	2	1020	-
3	3	1020	-
4	4	1020	-
5	5	40	-
6	12	-	200

7	14	5000	6500
8	15	-	2690
9	16	1193	800
	ആകെ	10313	10190

17 വാർഡ് തല ശുചിത്വ കമ്മറ്റികളുടെ ക്യാഷ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2023-24 വർഷത്തിൽ ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 4 വാർഡുകളിൽ തുക ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും വാർഡ് നമ്പർ 14 ൽ നിന്നും മാത്രം 10190 /- രൂപ കുറവാക്കി 9810/- രൂപയാണ് അനുവദിച്ചത്. ബാക്കി വാർഡുകളിലെല്ലാം 20000 രൂപ വീതം അനുവദിച്ചു . അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടു പ്രകാരം വാർഡ് തല ശുചിത്വകമ്മറ്റികളുടെ ക്യാഷ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ആകെ 6 വാർഡുകളിലായി ചെലവഴിക്കാൻ അവശേഷിക്കുന്ന തുക താഴെ പറയും പ്രകാരം 62922/- രൂപയാണ്.

ക്രമ നമ്പർ	വാർഡ് നമ്പർ	ചെലവഴിക്കാനവശേഷിക്കുന്ന തുക
1	5	11890
2	7	9000
3	10	11538
4	12	10000
5	14	12477
6	16	8017
	ആകെ	62922

എന്നാൽ ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം 20503 (10313+10190) രൂപയാണ് ചെലവഴിക്കാൻ അവശേഷിക്കുന്നത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. 2024-25 വർഷത്തിൽ വാർഡുകളിലേക്കായി നൽകിയ തുകയിൽ (@20000) താഴെ പറയും പ്രകാരം തുക ചെലവഴിക്കാൻ അവശേഷിക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	2024-25 ൽ നൽകിയ തുക	ചെലവഴിച്ച തുക 2024-25	ചെലവഴിക്കാൻ അവശേഷിക്കുന്ന തുക (2024-25)
1	12	20000	19500	500
2	14	9810	20000	-
3	15	20000	19500	500
4	16	20000	20000	0

(I) ചെലവഴിക്കാനവശേഷിക്കുന്ന തുക വിനിയോഗിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

(Ii) വാർഡ് 14 ന് ആകെ ലഭ്യമായ തുക 9810/- രൂപയാണങ്കിലും വിനിയോഗസാക്ഷ്യപത്ര പ്രകാരം 2022-23,2023-24 വർഷങ്ങളിലായി ബാക്കി നിൽക്കുന്ന തുക ഉൾപ്പെടെയുള്ള 21310/- രൂപയിൽ 20000/- രൂപ 2024-25 ൽ ചെലവഴിച്ചതായി കാണുന്നു. അക്കൗണ്ടിൽ മുൻ ബാക്കി തുക ഉള്ളതിനാലാണ് ഇത്തരത്തിൽ ചെലവഴിക്കാനായത്. കൃത്യമായി തുക ചെലവഴിക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

4. ക്യാഷ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല

ശുചിത്വമിഷൻ ഫണ്ടും NRHM ഫണ്ടും വാർഡ് തല ശുചിത്വകമ്മറ്റിയുടെ ഒരേ ബാങ്ക് അക്കൗണ്ടിലേക്കാണ് വരുന്നത് . എന്നാൽ ക്യാഷ് ബുക്കിൽ വരവിനങ്ങൾ പ്രത്യേകം കാണിക്കേണ്ടതാണ്.എന്നാൽ മിക്ക വാർഡ് തല ശുചിത്വകമ്മറ്റികളുടെ ക്യാഷ് ബുക്കിലും കൃത്യമായി വരവുകൾ ഇനം തിരിച്ച് ചേർക്കുന്നില്ല. മാത്രമല്ല വരവും ചെലവും വരവു കോളത്തിൽ തന്നെ രേപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തന്നെ ഓരോ ഇനത്തിലും എത്ര തുക നീക്കിബാക്കി ഉണ്ടെന്നതിൽ വ്യക്തതയില്ല.

അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ചെലവഴിക്കാനവശേഷിക്കുന്ന തുക ഏതിനത്തിലാണെന്നു കണ്ടെത്തി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഓരോ വർഷവും ലഭിക്കുന്ന

ഫണ്ടുകൾ അതാത് സമയം തന്നെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (36/24-25 /05.03.2026) മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-21 വാഹന പരിപാലനം - ലോഗ് ബുക്ക് അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി : 192/25 (പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ)

അടങ്കൽ : 1300000/- (തനത് ഫണ്ട്)

ചെലവ് : 1300000/-

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് മഹീന്ദ്ര ബൊലേറോ ജീപ്പ് വാങ്ങിയിട്ടുണ്ട്. ചെലവിന്റെ വിശദ വിവരം താഴെചേർക്കുന്നു.

ക്രമ നമ്പർ	ഇനം	തുക	വൗച്ചർ നമ്പർ/ തിയ്യതി
1	വാഹനം പർച്ചേസ് ചെയ്യുതിന് മഹീന്ദ്ര&മഹീന്ദ്ര കമ്പനിക്ക് നൽകിയ തുക	1097591	22400260/22.07.2024
2	ഇൻഷൂറൻസ്	31133	202400426/13.09.2024
3	ആർടിഒ ചാർജ്ജ്	185230	022400415/ 11.09.2024
	ആകെ	1313954	

മേൽ പദ്ധതി പ്രകാരം 1300000/- രൂപ ചെലവഴിക്കാവുന്നതാണെങ്കിലും 1313954 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ അധികം ചെലവഴിച്ചതിന് ഭരണ സമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതിനും

വാഹനത്തിന്റെ വിവരം Https://Veels.Kerala.Gov.In/ എന്ന വെബ്സൈറ്റിൽ ചേർത്തതിന്റെ വിവരം, പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വാഹനത്തിന്റെ നിലവിലെ അവസ്ഥ (ലേല നടപടികൾ സ്വീകരിച്ചതിന്റെ വിവരം) എന്നിവ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (05/24-25 /28.02.2026) ലഭ്യമാക്കിയ മറുപടി പ്രകാരം അധികം ചെലവഴിച്ച 13954/- രൂപ ഭരണ സമിതിയുടെ സാധൂകരണത്തിനായി അജണ്ടയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും തീരുമാനമെടുക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. നിലവിലെ വാഹനം MSTC പോർട്ടൽ മുഖാന്തിരം ഓൺലൈൻ ലേലം നടത്തിയിരുന്നെങ്കിലും ആരുംതന്നെ മിനിമം വാലുവേഷൻ തുകയായ 48000/- രൂപ കവാട്ട് ചെയ്യാത്തതിനാൽ ലേലം നടന്നില്ലെന്നും, തുടർ ലേലം നടത്തുന്നതാണെന്നും അറിയിച്ചു. മേൽക്കാര്യങ്ങളിൽ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ വിവരം Https://Veels.Kerala.Gov.In/ വെബ്സൈറ്റിൽ ചേർത്തിട്ടുണ്ടെന്നും അറിയിച്ചു.

മേൽ പദ്ധതി പ്രകാരം വാങ്ങിയ വാഹനത്തിന്റെ (KL 53V6632) ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല

1. 04.09.2024 നാണ് വാഹനം ഷോറൂമിൽ നിന്നും പഞ്ചായത്തിൽ എത്തുന്നത്. 27.09.2024 മുതൽ 29.07.2025 വരെയുള്ള രേഖപ്പെടുത്തലുകളാണ് പരിശോധനക്കായി ലഭ്യമാക്കിയ ലോഗ് ബുക്കിൽ ഉള്ളത്. ഈ കാലയളവിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ യാത്രാ വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വാഹനത്തിൽ ഫ്യുവൽ നിറക്കുന്ന വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

3. വാഹനം ഓടിയ കിലോമീറ്റർ , ഇന്ധനത്തിന്റെ ഉപയോഗം എന്നിവ സംബന്ധിച്ച മാസാന്ത്യ സംഗ്രഹം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. ലോഗ് ബുക്കിന്റെ പല പേജുകളിലും തിയ്യതി മാത്രം രേഖപ്പെടുത്തിയതായി കാണുന്നു. (ഉദാ- പേജ് നമ്പർ 194 (3.04.2025),195(4.04.2025) , 209 (22.04.2025),222(03.04.2025) Etc)

5. Fuel Consumption Test നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

6. 02.12.2024 വരെ 3322 കി.മീ സഞ്ചരിച്ചതായി ലോഗ്ബുക്കിൽ റീഡിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന്

03.12.2024 മുതൽ 11.12.2024 വരെ തിയ്യതികൾ ഒഴികെ ലോഗ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. 12.12.2024 മുതൽ തുടർന്നുള്ള യാത്രയുടെ വിവരം രേഖപ്പെടുത്തിയെങ്കിലും കി.മീ റീഡിംഗ് രേഖപ്പെടുത്തുകയുണ്ടായില്ല. 18.02.2025 വരെയും ഇത്തരത്തിലാണ് ലോഗ്ബുക്ക് എഴുതിയിട്ടുള്ളത്. 19.02.2025 ന് ആകെ യാത്ര ചെയ്ത കി.മീ 8108 എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇത് എപ്രകാരമെന്നത് വ്യക്തമല്ല.
ലോഗ്ബുക്കിലെ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (35/24-25 /05.03.2026) ക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
പഞ്ചായത്തിലെ പുതിയ വാഹനം വീൽസ് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ ലോഗ് ബുക്കിലെ മേൽ അപാകതകൾ പരിഹരിക്കാതെ കിലോമീറ്റർ റീഡിംഗ് അടക്കമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യാൻ സാധ്യമല്ല എന്നതിനാൽ ലോഗ് ബുക്കിലെ അപാകതകൾ പരിഹരിച്ച് വീൽസ് വെബ്സൈറ്റിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-22 ജലനിധിക്ക് തുക നൽകി - വിനിയോഗ വിവരം ഇല്ല. -

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 35/25 കണ്ണം പറമ്പ്, റിലീഫ്, ചൊവ്വാണ കുടിവെള്ള പദ്ധതികൾക്ക് വിഹിതം നൽകൽ

അടങ്കൽ : 200000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 155000 /- (22401222/30.03.2025)

ജലനിധി പ്രോജക്ട് കമ്മീഷണറുടെ 21.03.2025 ലെ KRWSA/MPM/SUS/PUZHZKKATTIRI/JPC/01/2024-25 നമ്പർ കത്ത് പ്രകാരം 2023-24 വർഷത്തിൽ നവീകരണത്തിനായി അനുവദിച്ച 3 കുടിവെള്ള പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതം പഞ്ചായത്ത് പ്രോജക്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അറിയിച്ചതനുസരിച്ച് 155000/- രൂപ മേൽ വൗച്ചർ പ്രകാരം കേരള ഗ്രാമീൺ ബാങ്കിലെ 40245101059216 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്.

കണ്ണംപറമ്പ്, ചൊവ്വാണ, റിലീഫ് കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി യഥാക്രമം 35000,15000, 105000 എന്നിങ്ങനെയാണ് തുക അുവദിച്ചിട്ടുള്ളത്.

മേൽ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ തുകകളുടെ വിനിയോഗ വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (06/24-25/28.02.2026) പ്രസ്തുത തുക 2023-24 വർഷത്തിൽ നവീകരണത്തിനായി അനുവദിച്ച പഞ്ചായത്ത് വിഹിതം ആണെന്നും ആയത് Other Revolving Fund ആയി പഞ്ചായത്തിന്റെ ജലനിധി അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയാണെന്നും ആയത് പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്ന മുറക്ക് ഉപയോഗിക്കുന്നതാണെന്നും മറുപടി നൽകി. 2023-24 വർഷത്തിൽ അംഗീകാരം ലഭിച്ച അറ്റകുറ്റപ്പണികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.
പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 SSK വിശദമായ വിനിയോഗ വിവരം അറിയിക്കുന്നില്ല. -

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് 10/25 - എസ്.എസ്.എ വിഹിതം അടവാക്കൽ പ്രകാരം ₹ 300000/- രൂപ, ബിൽ നം. 24151152010100415894/17.07.2024 (വികസന ഫണ്ട് ജനറൽ) State Project Director, SSK ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ലെ ഖ 8.6. വിദ്യാഭ്യാസം, ക്രമ നം. (3), (4), (5) എന്നിവയിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ നിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്

എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് വിഹിതം ₹ 300000/- രൂപ എസ്.എസ്.കെ.യ്ക്ക് ലഭിച്ചതിന്റെ രസീതി ഹാജരാക്കിയിട്ടില്ല.
2. ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 11.06. 2024 ലെ സി.1/646./2024/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്തു പ്രകാരം പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ചു കൊണ്ടുള്ള " LSG PLAN AND SHARE AS PER APPROVED AWPB 2024-25 " ലഭ്യമാക്കിയിരുന്നു. ആയതിൽ Financial Target 31,51233 രൂപയും, ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 12,60,493 രൂപയുമായിരുന്നു. എന്നാൽ 3,00,000 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
3. ഗ്രാമ പഞ്ചായത്ത് നൽകിയ വിഹിതത്തിന് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

4.പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

5. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

6. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

7. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ 8/28.02.2026 ഓഡിറ്റ് എൻകുയറിക്ക് വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ജില്ലാ പ്രോജക്ട് കോർഡിനേറ്റർ മലപ്പുറത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. തുക നൽകിയതിന്റെ കൈപ്പറ്റ് രശീതി വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-24 തനത് ഫണ്ട് ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളുടെ അനുബന്ധരേഖകൾ ILGMS ൽ ചേർത്തതായി കാണുന്നില്ല. വിശദ വിവരം പട്ടികയിൽ ചേർക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നമ്പർ/ തിയ്യതി	തുക	റിമാർക്സ്
1	22400025/06.04.2024	89,538	പഞ്ചായത്തിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനു മുൻപ് വാടകക്കെടുത്ത വാഹനവാടക ഇനത്തിൽ 17.02.2024 മുതൽ 16.03.2024 വരെയുള്ള കാലയളവിലേക്ക് ശ്രീ കുഞ്ഞിമുഹമ്മദ് എന്നവർക്ക് നൽകിയ തുക. ടിയാനെ തെരെഞ്ഞെടുത്തതുമായി ബന്ധപ്പെട്ട കമ്പ്ടേഷൻ നടപടിക്രമങ്ങൾ, ഭരണ സമിതി തീരുമാനം, ടിയാനുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കിയില്ല. ആകെ 3979 കി മീ വാഹനം ഓടിയെന്നും ആദ്യ 1500 കി മീ ക്ക് 35500 രൂപയും പിന്നീടുള്ള 2479 കി മീ ക്ക് @ 22 രൂപ നിരക്കിലും ആകെ 89538 രൂപയാണ് ചെലവ് . എന്നാൽ വാഹനം ഓടിയതിന്റെ ടിപ്പ് ഷീറ്റ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല.
2	22400020/02.07.2024	10,000	ചെറുപുഴയിൽ താത്ക്കാലിക തടയണ നിർമ്മാണത്തിന് തുക നൽകിയത് പ്രവൃത്തിയുടെ വാലേഷൻ ലഭ്യമാക്കേണ്ടതാണ്.

3	22400219/02.07.2024	55047	അംഗൻവാടി Office Expences ഇനത്തിൽ ചെലവഴിച്ച തുക . ഏതെല്ലാം അംഗൻവാടികൾക്ക് ഏതെല്ലാം ഇനത്തിൽ ആണ് തുക നൽകിയതെന്നോ ആരുടെ അക്കൗണ്ടിലാണ് നൽകിയത് എന്നോ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല
4	22400186/15.06.2024	49228	പഞ്ചായത്തിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനു മുൻപ് വാടകക്കെടുത്ത വാഹനവാടക ഇനത്തിൽ 17.03.2024 മുതൽ 16.04.2024 വരെയുള്ള കാലയളവിലേക്ക് ശ്രീ കുഞ്ഞിമുഹമ്മദ് എന്നവർക്ക് നൽകിയ തുക. ആകെ 2124 കി മീ വാഹനം ഓടിയെന്നും ആദ്യ 1500 കി മീ ക്ക് 35500 രൂപയും പിന്നീടുള്ള 624 കി മീ ക്ക് @ 22 രൂപ നിരക്കിലും ആകെ 49228 രൂപയാണ് ചെലവ് . എന്നാൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല.
5	22400280/22.07.2024	35500	പഞ്ചായത്തിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനു മുൻപ് വാടകക്കെടുത്ത വാഹനവാടക ഇനത്തിൽ 17.04.2024 മുതൽ 16.05.2024 വരെയുള്ള കാലയളവിലേക്ക് ശ്രീ കുഞ്ഞിമുഹമ്മദ് എന്നവർക്ക് നൽകിയ തുക. എന്നാൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല.
6	22400331/06.08.2024	82360	പഞ്ചായത്തിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനു മുൻപ് വാടകക്കെടുത്ത വാഹനവാടക ഇനത്തിൽ 17.06.2024 മുതൽ 16.07.2024 വരെയുള്ള കാലയളവിലേക്ക് 1500/- കി മീ ഓടിയതിനും ഏപ്രിൽ -മെയ്, മെയ്-ജൂൺ, ജൂൺ-ജൂലൈ എന്നീ കാലയളവിൽ 1500 കിലോമീറ്ററിൽ കൂടുതലായി ഓടിയ 2130 കി.മീറ്ററിന് @22 രൂപയും അടക്കം ശ്രീ കുഞ്ഞിമുഹമ്മദ് എന്നവർക്ക് നൽകിയ തുക. എന്നാൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല.
7	22400423/02.09.2024	35500	പഞ്ചായത്തിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനു മുൻപ് വാടകക്കെടുത്ത വാഹനവാടക ഇനത്തിൽ 17.07.2024 മുതൽ 16.08.2024 വരെയുള്ള കാലയളവിലേക്ക് ശ്രീ കുഞ്ഞിമുഹമ്മദ് എന്നവർക്ക് നൽകിയ തുക. എന്നാൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല.
8	22400540/23.10.2024	64606	പഞ്ചായത്തിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനു മുൻപ് വാടകക്കെടുത്ത വാഹനവാടക ഇനത്തിൽ 17.08.2024 മുതൽ 16.09.2024 വരെയുള്ള കാലയളവിലേക്ക് 1500/- കി മീ ഓടിയതിനും ജൂലൈ- ആഗസ്റ്റ്, ആഗസ്റ്റ്-

			സെപ്റ്റംബർ കാലയളവിൽ 1500 കിലോമീറ്ററിൽ കൂടുതലായി ഓടിയ 1323 കി.മീറ്ററിന് @22 രൂപയും അടക്കം ശ്രീ കുഞ്ഞിമുഹമ്മദ് എന്നവർക്ക് നൽകിയ തുക. എന്നാൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല.
		4,21,779	

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (34/24-25 /04.03.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല. അനുബന്ധരേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 4,21,779 രൂപ തടസ്സം ചെയ്യുന്നു.

1-25 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധ വർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ആയതു പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തുക ഒക്ടോബർ 31നകവും രണ്ടാം അർദ്ധവർഷത്തെ തുക ഏപ്രിൽ 30നകവും അടവാക്കേണ്ടതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 01.04.20222 മുതൽ 30.09.2024 വരെയുള്ള ലൈബ്രറി സെസ്സ് തുകയായ 332833/- രൂപ വൗച്ചർ നം 22401237/31.03.2025 പ്രകാരം ഒരുമിച്ചാണ് അടവു വരുത്തിയിട്ടുളളത്.

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വന്നതിന് കാരണം വിശദമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (33/24-25 /04.03.2026) ലൈബ്രറി സെസ് അടവാക്കുന്നതിൽ അപാകത സംഭവിച്ചിട്ടുണ്ടെന്നും നിലവിൽ കൃത്യമായി അടവാക്കി വരുന്നുണ്ടെന്നും അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 ഇൻകം ടാക്സ് ടി ഡി എസ് ഫയൽ ചെയ്യാൻ വൈകുന്നു

ഇൻകം ടാക്സ് ആക്ട് 1961 പ്രകാരം ഓരോ മാസവും ഇൻകം ടാക്സ് ടിഡിഎസ് ഇനത്തിലുള്ള വരവ് തൊട്ടടുത്ത മാസം 7 ന മുൻപ് ഫയൽ ചെയ്യേണ്ടതാണ് . എന്നാൽ പ്രോജക്ട് നമ്പർ 274/24 പ്രകാം 26.03.2024 ന നൽകിയ ബില്ലിൽ നിന്നും കുറവു ചെയ്ത ടി ഡി എസ് തുക 7224/- രൂപ 03.12.2024 ലെ വൗച്ചർ നമ്പർ 22400661 പ്രകാരമാണ് ഫയൽ ചെയ്യുന്നത്. ഇൻകം ടാക്സ് യഥാ സമയം ഫയൽ ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (32/24-25 /04.03.2026) അക്കൗണ്ടുകൾ യഥാസമയം റീകൺസിൽ ചെയ്യാത്തതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നും പ്രസ്തുത കാലയളവിലെ സെക്ഷനാണ് ആയതിന് ഉത്തരവാദിയെന്നും അറിയിച്ചു. ഐ ടി , ജി എസ് ടി പോലുള്ള ഈടാക്കലുകൾ കൃത്യസമയത്ത് അതാത് വകുപ്പുകളിലേക്ക് അടവാക്കാത്തത് സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്നതിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-27 മുഴുവൻ വൗച്ചറുകളും പേയ്മെന്റ് വൗച്ചർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

2024-25 വർഷത്തിൽ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിക്കുന്നതിനായി ILGMS ൽ നിന്നും പേയ്മെന്റ് വൗച്ചർ ലിസ്റ്റ് പരിശോധിച്ചതിൽ 22400000 മുതൽ 22401308 വരെയുള്ള വൗച്ചറുകൾ പ്രകാരം ചെലവ് വന്നതായി വ്യക്തമായി. അതായത് മൊത്തം 1308 വൗച്ചറുകൾ. എന്നാൽ യഥാർത്ഥത്തിൽ 1256 വൗച്ചറുകൾ മാത്രമാണ് വൗച്ചർ ലിസ്റ്റിൽ ഉള്ളത്. താഴെ പറയുന്ന 52 വൗച്ചറുകൾ ലിസ്റ്റിൽ പ്രതിഫലിച്ചിട്ടില്ല.വിശദ വിവരം

വൗച്ചർ നമ്പർ	വൗച്ചർ നമ്പർ	വൗച്ചർ നമ്പർ	വൗച്ചർ നമ്പർ
22400041	22400091	22400124	22400204
22400205	22400206	22400238	22400242
22400251	22400276	22400435	22400459
22400470	22400562	22400613	22400663
22400692	22400698	22400747	22400748
22400820	22400821	22400822	22400873

22400891	22400937	22400952	22400957
22400958	22400979	22400980	22400981
22400982	22400983	22400984	22401014
22401015	22401016	22401059	22401060
22401089	22401091	22401116	22401117
22401118	22401119	22401125	22401272
22401273	22401276	22401287	22401291

ക്യാൻസലേഷൻ റിപ്പോർട്ട് പരിശോധിച്ചപ്പോൾ 39 രശീതികൾ ക്യാൻസൽ ചെയ്തത് അപ്രൂവ് ചെയ്തതായി കണ്ടു. എന്നാൽ ഇപ്രകാരം ക്യാൻസൽ ചെയ്ത രശീതികൾക്ക് ക്യാൻസലേഷൻ റിപ്പോർട്ടിൽ വൗച്ചർ നമ്പർ നൽകിയിട്ടില്ല. ആയതിനാൽതന്നെ മേൽ വൗച്ചറുകളിൽ രശീതി ക്യാൻസലേഷൻ പ്രകാരം വരുന്ന വൗച്ചർ നമ്പറുകൾ ഏതെല്ലാമാണെന്നതിൽ വ്യക്തതയില്ല. ഇത് ചെലവ് വൗച്ചറായി കണക്കാക്കിയാൽ തന്നെ ബാക്കി 13 വൗച്ചറുകൾ ലിസ്റ്റിൽ ഇല്ലെന്നു വ്യക്തമാവുന്നു. ഇതിന് കാരണം വിശദമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറി (13/24-25 /03.03.2026) ക്ക് മേൽ 13 വൗച്ചറുകൾ പേയ്മെന്റ് വൗച്ചറുകൾ ക്യാൻസൽ ചെയ്തതാവാമെന്നും എന്നാൽ പേയ്മെന്റ് ക്യാൻസൽ പട്ടിക ഐ എൽ ജി എം എസിൽ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ ഉറപ്പു വരുത്തുന്നതിന് രേഖകളില്ലെന്നുമാണ് അറിയിച്ചത്. ഈ അപാകത ഐ കെ എം നെ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-28 പൾസ്;ക്ലിക്ക് - പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല . അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

2024-25 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി താഴെ പറയുന്ന രണ്ടു പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

പ്രോജക്ട്	അടങ്കൽ / ഫണ്ടിനം	ചെലവ്	പദ്ധതി ലക്ഷ്യം	പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ
174 / 2025 പൾസ്	60,000 / വികസനഫണ്ട് പൊതുവിഭാഗം	3,450 ബിൽ നമ്പർ 24151152030701637178/ 22.03.2025	ജില്ലയിലെ അയൽക്കൂട്ട അംഗങ്ങളായ 18 മുതൽ 60 വയസ്സു വരെ പ്രായമുള്ള സ്ത്രീകളെ രക്തം ദാനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ജില്ലാതലത്തിൽ അത്തരത്തിലുള്ള സ്ത്രീകളുടെ സന്നദ്ധ രക്തദാന സേന രൂപീകരിച്ച് വിവരശേഖരണം നടത്തി സൂക്ഷിച്ചു വെക്കുകയും ആവശ്യമായ ആളുകൾക്ക് ആവശ്യമായ സമയത്ത് സേവനം ലഭ്യമാക്കുകയും ചെയ്യുക, ജില്ലാതലത്തിൽ രക്തദാന ഡയറക്ടറിയും	130 പേർക്ക് ദുരന്ത നിവാരണ ബോധവൽക്കരണ ക്ലാസ്സ് നടത്തി . ആളുകൾക്ക് ചായയും സ്നാക്ക്സും നൽകിയതിന് സികെ ഫുഡ് പ്രൊഡക്ട് പാതിരാമണ്ണ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ 47/ 27.02.2025 പ്രകാരം 2600/- രൂപയും ബാനർ തയ്യാറാക്കിയതിന് ടി പി ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ 229/15.03.2025 പ്രകാരം 850/- രൂപയും നൽകി

				മൊബൈൽ ആപ്പും തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷൻ കോർഡിനേറ്റർ ആവശ്യപ്പെടുന്ന സമയത്ത് പണം കൈമാറുക	
	172 / 2025 ക്ലിക്ക്	60,000 / വികസനഫണ്ട് പൊതുവിഭാഗം	17950 ബിൽ നമ്പർ 24151152030701637168/ 22.03.2025	പൊതു മണ്ഡലങ്ങളിൽ സ്ത്രീ പങ്കാളിത്തം ശക്തിപ്പെടുത്തുക കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗിലൂടെ കൗൺസിലിംഗ്, കേസ് ഇടപെടൽ, നിയമ പിന്തുണ സഹായം, ജൻഡർ വികസന പ്രവർത്തനങ്ങൾ, ലിംഗ പദവി അവബോധ ക്ലാസ്സുകൾ, അതിജീവന ഉപജീവന പിന്തുണ സഹായങ്ങൾ എന്നീ സേവനങ്ങൾ സംയോജന പ്രവർത്തനങ്ങൾ വാർഡ് / അയൽക്കൂട്ട തലത്തിൽ നടപ്പിലാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനും അക്രമങ്ങൾക്ക് വിധേയരായവർക്ക് വേണ്ട പിന്തുണയും നൽകുക	130 പേർക്ക് ദുരന്ത നിവാരണ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ആളുകൾക്ക് ചായയും സ്നാക്ക്സും, ഉച്ച ഭക്ഷണവും നൽകിയതിന് സികെ ഫുഡ് പ്രൊഡക്ട് പാതിരാമണ്ണ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ 45/ 27.02.2025 പ്രകാരം 15600/- രൂപയും ബാനർ തയ്യാറാക്കിയതിന് ടി പി ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ 229/15.03.2025 പ്രകാരം 850/- രൂപയും ക്ലാസ്സ് എടുത്തതിന് ശ്രീ അൻവർ എന്നവർക്ക് ഹോണറേറിയം ഇനത്തിൽ 1500/- രൂപയും നൽകി.

മേൽ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. രണ്ടു പദ്ധതികൾ പ്രകാരമുള്ള ക്ലാസ്സും നടത്തിയത് ഒരേ ദിവസമാണെന്നത് ഭക്ഷണ ബില്ലിൽ നിന്നും വ്യക്തമാവുന്നു. ആയതു പ്രകാരം ക്ലാസ്സ് നടന്നത് 27.02.2025 നാണ് എന്നാൽ ബാനർ ബില്ലാവട്ടെ 15.03.2025 ലേതാണ്.

2. രണ്ടു പദ്ധതികളുടെയും കൂടെ ലഭ്യമാക്കിയ അറ്റൻഡൻസ് പരിശോധിച്ചതിൽ രണ്ടു ക്ലാസ്സിലും പങ്കെടുത്തത് ഒരേ ഗുണഭോക്താക്കളാണെന്നു കാണുന്നു. ഒരേ ദിവസം ഒരേ ഗുണഭോക്താക്കൾ രണ്ടു ക്ലാസ്സ് അറ്റൻഡ് ചെയ്തോ?

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (11/24-25 /21.03.2026) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ഫയലുകൾ പ്രകാരം രണ്ട് പ്രോജക്ടുകളുടെ ഭാഗമായുള്ള പരിശീലനം നടത്തിയത് ഓരേ ദിവസമാണ്. പങ്കെടുത്ത ആളുകളുടെ എണ്ണവും തുല്യമാണ്. എന്നാൽ

, ചെലവ് രേഖകൾ മാത്രം വ്യത്യസ്ഥമാണ്. ഇരട്ടിപ്പു വന്നിട്ടുള്ള Tea & Snacks ബിൽ പ്രകാരമുള്ള 2600/- രൂപയും ബാനർ തുക 850/- രൂപയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല . ഈ തുക 3450/- രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-29 കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ്വ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ-പദ്ധതി അപാകതകൾ

പ്രോജക്ട് നം, പേര്	322/25 കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
അടങ്കൽ	₹4,13,000/- (ഹെൽത്ത് ഗ്രാന്റ്)
ആകെ ചെലവ്	₹4,04,603/-
വൗച്ചർ നം, തീയതി	1.BP-2024-25-4/ 01.02.2025 ₹28200 2. BP-2024-25-5/6.12.2024₹78000 3. BP-2024-25-6/ 26.03.2025 ₹75405 4.BP-2024-25-7/ 28.03.2025 ₹38901 5.BP-2024-25-8/ 28.03.2025 ₹99491 5..BP-2024-25-10/28.03.2025 ₹84606

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് കമ്പാരിസൺ നടപടികളും 25000 രൂപയ്ക്ക് മുകളിൽ ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ഹെൽത്ത് & വെൽനസ് ബോധവത്കരണത്തിനായി സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ കീഴിലുള്ള 5 ഹെൽത്ത് & വെൽനസ് സെന്ററുകളും സാമൂഹികാരോഗ്യകേന്ദ്രവും ഒരുമിച്ച് ബ്രാന്റിംഗ് & ആർട്ട് വർക്ക് പ്രവൃത്തി ചെയ്യുതിന് എച്ച്.എം.സി ഫണ്ടിൽ നിന്നും ചെലവായ തുക 78000/- രൂപ റീകൂപ്പ് ചെയ്യുന്നതിന് മേൽ വൗച്ചർ 2 പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി ഫയലിൽ ടെണ്ടർ നടപടി ക്രമം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല. Zoom Painters വലിയകുന്ന് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. (ZPC/0236722.8.2024 ₹14807/-, ZPC/02365/21.8.2024 ₹14801/-, ZPC/02503/28.8.2024 ₹48405/- പരിമിതപ്പെടുത്തിയത് ₹ 78000). പ്രവൃത്തി നിർവഹണത്തിൽ ടെണ്ടർ /കമ്പാരിസൺ നടപടിക്രമം പാലിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)പദ്ധതിയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും PRF4771/25.03.2025 ₹38901/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് വൗച്ചർ 4 പ്രകാരം 38901 രൂപ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 3685/27.02.2026 പ്രകാരം 5339 രൂപയുടെ മരുന്നുകൾ ലഭ്യമായതായിട്ടുണ്ട്. അവശേഷിക്കുന്ന തുകയ്ക്കുള്ള (33562 രൂപ) മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

അപാകത പരാമർശിച്ച് നൽകിയ 20/03.03.2026 ഓഡിറ്റ് എൻകമ്പറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-30 സി എച്ച് സി പുഴക്കാട്ടിരിയിലേക്ക് ഇൻവർട്ടർ വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നം, പേര്	SO315/25 –പുഴക്കാട്ടിരി സി എച്ച് സി യിൽ ഇൻവർട്ടർ സ്ഥാപിക്കൽ
അടങ്കൽ	₹50000/- (10000 സി എഫ് സി, 40000 തനത് ഫണ്ട്)
ആകെ ചെലവ്	₹49920/-(10000 സി എഫ് സി, 39920 തനത് ഫണ്ട്)
വൗച്ചർ നം, തീയതി	22401209/31.03.2025 ₹ 39920/- XVFC/2024-25/P/102/27.03.2025 ₹10000

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ/ആയത് GeM മുഖേന

വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാൽ/സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (കോട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ- ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് കോട്ടേഷൻ നടപടികളും 25000 രൂപയ്ക്ക് മുകളിൽ ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ സി എച്ച് സി യിൽ ഇൻവർട്ടർ സ്ഥാപിക്കുന്നതിന് മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക ഹൈടെക് ഇലക്ട്രിക്കൽസ് & സാനിറ്ററി വെയർ, അങ്ങാടിപ്പുറം എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത് (ഇൻവോയ്സ് നമ്പർ B2C/03070/24.03.2025 ₹49920/-). എന്നാൽ പദ്ധതി ഫയലിൽ ജെം മുഖേന വാങ്ങിയതിന്റെ രേഖകളോ, GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി ടെണ്ടർ/ കോട്ടേഷൻ നടപടി ക്രമം പാലിച്ചതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 25/03.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾ പാലിച്ച് സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-31 ആരോഗ്യഭേരി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട്	അടങ്കൽ	ചെലവ്	ബിൽ വിവരം	ഇൻവോയ്സ്
30/25 ആരോഗ്യഭേരി	200000 (100000 വികസന ഫണ്ട്, 100000 സി.എഫ്.സി.)	150730/-	241511520280015823 74/18.03.2025 ₹50730/- XVFC/2024-25/P/96 തീയതി.26.03.2025 ₹ 100000/- (സി.എഫ്.സി)	290/11/7362 Dt 25.03.2025 ₹ 227068/-

മെഡിക്കൽ ഓഫീസർ നിർവഹിച്ച മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ സമഗ്ര കാൻസർ ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതിക്കാണ് മേൽ ബില്ലുകൾ പ്രകാരമുള്ള തുക ചെലവഴിച്ചത്. പദ്ധതി നിർവ്വഹണത്തിൽ 42927/- രൂപ ചെലവഴിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകത കാണുന്നു. അവശേഷിക്കുന്ന ചെലവ് തുക (107803) ചെലവഴിച്ചതിൽ അപാകതകളില്ല

2010 ലെ പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖ/സ്റ്റോർ പർച്ചേഴ്സ് മാനുവൽ പ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിക്കാതെയാണ് ടി പി ഓഫ്സെറ്റ് പുഴക്കാട്ടിരി എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് ചുവടെ കൊടുക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നമ്പർ 180/17.2.2024 ₹ 42950/-)

ഇനം	എണ്ണം	തുക
Board No Smoking	7	3080
IEC Board NCD	155	39870
ആകെ		42950/-

അപാകതകൾക്ക് മറുപടി/രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 26/3.03.2026) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് വിവരം മാത്രമാണ് ലഭ്യമാക്കിയത്. തുക ചെലവഴിക്കുന്നതിൽ സുതാര്യത ഉറപ്പ് വരുത്തി എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-32 പരിരക്ഷ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. -

പ്രോജക്ട് നം. 21/25 പരിരക്ഷ പദ്ധതി	
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
അടങ്കൽ	850000(100000 -സി.എഫ്.സി., 600000-മെയിന്റനൻസ് ഫണ്ട് റോഡിതരം , 150000 തനത് ഫണ്ട്.)

ചെലവ്	662576/- (52160 -സി.എഫ്.സി, 561190-മെയിന്റനൻസ് ഫണ്ട് റോഡിതരം , 49226 തനത് ഫണ്ട്.)
BRN	24151152028000860246/4.11.2024 ₹ 49250/,

ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി , ആകെ പ്രോജക്ട് തുകയിൽ നിന്ന് 49250 രൂപ താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകൾ ലഭ്യമായ വിവരം ഫയലിൽ ലഭ്യമല്ല.

പ്രൊഫോർമ ഇൻവോയ്സ്	നൽകിയ തുക,ബിൽ നമ്പർ	ഇൻവോയ്സ് നമ്പർ	റിമാർക്സ്
PRF1501/10.10.2024 ₹ 41000/-	BRN 24151152028000860246 /4.11.2024 ₹ 49250/-	2162/24.3.25 ₹15592/-, 449/12.5.25 ₹4552/-, 549/20.5.25 ₹3412/-, 1023/18.6.25 ₹14271/-	ബില്ല് പ്രകാരമുള്ള തുകയിൽ 41000/- രൂപ കെ.എം.എസ്.സി.എൽ നം ബാക്കി തുക 8500/- രൂപ ജൻ ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങാനുമാണ് ഉപയോഗിച്ചിട്ടുള്ളത്.

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 21/03.03.2026) മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള ഇൻവോയ്സുകൾ ഹാജരാക്കി. അവശേഷിക്കുന്ന തുകയ്ക്കുള്ള (3173) മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-33 എഫ് എച്ച് സി പുഴക്കാട്ടിരി ഐ എസ് ഒ സർട്ടിഫിക്കേഷൻ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട്	171/25 എഫ് എച്ച് സി പുഴക്കാട്ടിരി ഐ എസ് ഒ സർട്ടിഫിക്കേഷൻ
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, സി എച്ച് സി
അടങ്കൽ	175000/-(25000 സി എഫ് സി, 150000 തനത് ഫണ്ട്)
ചെലവ്	154727/- (25000 സി എഫ് സി, 129727 തനത് ഫണ്ട്)
വൗച്ചർ നമ്പർ	1) 22401149/31.03.2025 ₹ 34607/- 2)XVFC/2024-25/P/82 ₹ 22500 3)XVFC/2024-25/P/92 ₹ 2500 4)22401195/31.03.2025 ₹ 95120

1)മേൽ പദ്ധതിയുടെ ഭാഗമായി പുഴക്കാട്ടിരി എഫ് എച്ച് സി യിലേക്ക് സിഡ്കോ മഞ്ചേരിയിൽ നിന്നും വൗച്ചർ ക്രമ നം 4 പ്രകാരമുള്ള തുക ചെലവഴിച്ച് ഇൻവോയ്സ് നമ്പർ MJRI/24-25/213 Dt 24.03.2025 പ്രകാരം ചുവടെ കൊടുക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

Sl No	Item	Price	Quantity	Amount(ജി എസ് ടി ഉൾപ്പെടാതെ)
1	Steel Cabinet With Glass Door 198*90*48	10374	3	31122
2	Computer Chair With Arm	3704	4	14816
3	Executive Highback Revolving Chair	8024	2	16048
4	Prelaminated Board Table With One Drawer And One Cupboard And Keyboard And UPS Provision 120*60*75	7624	1	7624
5	Steel Cabinet With Double Locking System 198*90*48	11000	1	11000

25.11.2024 ലെ ജി.ഒ.(ആർ.ടി.)നം.134/2024/ എസ്.പി.ഡി. പ്രകാരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ

അനുമതിയുള്ള സാധനങ്ങളിൽ Steel Cabinet With Double Locking System 198x90x48 ഉൾപ്പെട്ടിട്ടില്ല . മേൽ ഉത്തരവ് അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേഴ്സ് മാനുവൽ പ്രകാരമുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ ആയത് പാലിക്കാതെയാണ് ക്രമ നം 5 ലെ സാധനം വാങ്ങിയിട്ടുള്ളത്.

2. മേൽ വാങ്ങലുകൾ സംബന്ധിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.22/03.03.2026) ഭാവിയിൽ വാങ്ങുന്ന സാധനങ്ങൾ സ്റ്റോർ പർച്ചേഴ്സ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ വാങ്ങുകയുള്ളൂ എന്ന് മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവുകകൾക്ക് വിധേയമായി മാത്രം സാധനങ്ങൾ സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 ബോധവൽകരണ ക്ലാസ് - അംഗീകാരം ഇല്ലാത്ത പ്രോജക്ട്

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ(സ.ഉ.(കൈ)നം 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022) , പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ)നം 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) എന്നിവയിൽ ഉൾപ്പെടാത്ത പദ്ധതികൾക്ക് ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയിട്ടുള്ള ജില്ലാ ആസൂത്രണ സമിതിയുടെ നൂതന പദ്ധതിയുടെ അനുമതി വാങ്ങാവുന്നതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ കൊടുക്കുന്ന പദ്ധതികൾ പദ്ധതി മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഉൾപ്പെടാത്തതും നൂതന പദ്ധതിയായി അംഗീകാരം വാങ്ങാതെ നിർവ്വഹിച്ചിട്ടുള്ളതുമാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു -

ക്രമ നം.	പ്രോജക്ട് നം, പേര്	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ഇനങ്ങൾ
1	So167/25 വാത്സല്യം പുഴക്കാട്ടിരി ഗർഭിണികളായ സ്ത്രീകൾക്ക് സുരക്ഷിത പ്രസവത്തെ കുറിച്ച് പരിശീലനം	50000(സി എഫ് സി)	XVFC/2024-25/ P/106-29.03.2025 ₹13600/-	ഇഷാൻ ക്ലൗബാർ 253/24.03.2025 ₹2400 (ജ്യൂസ് 30 എണ്ണം) ഹോട്ടൽ തൗഫീഖ് മക്കരപറമ്പ് 862/24.03.2025 ₹11200(ഉച്ച ഭക്ഷണം)
2	So166/25 ഹെൽത്തി ബേബി ഷോ സംഘടിപ്പിക്കുക (ഗ്രാമ പഞ്ചായത്തിലെ സി എച്ച് സി യുടെ കീഴിൽ വരുന്ന കുട്ടികളേയും അവരുടെ അമ്മമാരേയും ഉൾപ്പടുത്തി ഹെൽത്തി ബേബി ഷോ സംഘടിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യം വെക്കുന്നു)	25000(സി എഫ് സി)	XVFC/2024-25/ P/107-30.03.2025 ₹8910/-	ടി പി ഓഫ്സെറ്റ് 214/27.03.2025 ₹1150(ബാനർ , പെൻ, നോട്ട് ബുക്ക്) A To Z സ്റ്റോർ പുഴക്കാട്ടിരി 41/27.03.2025 ₹1860 (ഗിഫ്റ്റ് ബോക്സ് ,സ്മൈലി ബാൾ), ജനകീയ ഹോട്ടൽ 39/27.03.2025 ₹5900/-(ഭക്ഷണം)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകുയറിയ്ക്ക് (നമ്പർ 30/24-25 തീയതി 3.03.2026) ലഭ്യമാക്കിയ മറുപടിയിൽ ഭാര്യമാർ ഗർഭിണികളാകുമ്പോൾ ഭർത്താക്കൻമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും, കുഞ്ഞ് ജനിച്ച് കഴിഞ്ഞാൽ അച്ഛനും അമ്മയും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് വാത്സല്യം പുഴക്കാട്ടിരി

എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും, ബേബി ഹെൽത്തി ഷോ എന്ന പദ്ധതിയിൽ കുഞ്ഞിന്റെ കുത്തിവെപ്പ്, ആയിരം നാൾ പരിചരണം എന്നിവ സംബന്ധിച്ച ക്ലാസുകളാണ് നൽകിയതെന്നും ഇനി മുതൽ ഇത്തരം പദ്ധതികൾ നൂതന പദ്ധികളായി അംഗീകാരം വാങ്ങിയിട്ടേ നടപ്പിലാക്കുകയുള്ളൂ എന്നും അറിയിച്ചു .

1-35 ഡയാലിസ് രോഗികൾക്ക് മരുന്നും കിറ്റും വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല. -

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു -

പ്രോജക്ട് നം.	അടങ്കൽ	ചെലവ്/ബിൽ നം	പ്രൈഫോർമ ഇൻവോയ്സ്	ലഭ്യമായ മരുന്ന് വിശദാംശങ്ങൾ	
				ഇൻവോയിസ് നമ്പർ/തീയതി	തുക
36/25-ഡയാലിസ് രോഗികൾക്ക് മരുന്നും കിറ്റും വാങ്ങൽ	400000 (മെയിന്റനൻസ് ഫണ്ട് റോഡിതരം	241511520280008602 49/04.11.2024 ₹3,99,997	PRF1464/08.10.2024 ₹ 3,99,997/-	2162/24.03.25 2094/27.09.2025	15592 110346
		ആകെ ലഭ്യമായത്			125938

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ-24/03.03.2026) ലഭ്യമാക്കിയ മറുപടിയിൽ 125938 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിച്ചു. അവശേഷിക്കുന്ന തുകയുടെ (274059 രൂപ) മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-36 മെൻസ്ട്രൽ കപ്പ് - വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല. -

പ്രോജക്ട് നം, പേര്	29/25 – വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം
നിർവ്വഹണം	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
അടങ്കൽ (₹)	2,50,000/- (വികകസന ഫണ്ട്)
ചെലവ് (₹)	1,99,794/-
ബി ആർ നമ്പർ	241511520280017051 94/25.03.2025 ₹1,99,794/-/-
തുക കൈപ്പറ്റിയത്	എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം (ഇൻവോയ്സ് നം. 9423057358/26.03.2025 ₹1,99,794/-/-)

ഗ്രാമപഞ്ചായത്തിലെ 666 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി മേൽ പ്രോജക്ട് മുഖേന 666 മെൻസ്ട്രൽ കപ്പുകൾ (Liquid Silicone Rubber) പൊതുമേഖല സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും വാങ്ങി DDMS സോഫ്റ്റ് വെയറിൽ 1.04.2025 ൽ സ്റ്റോക്ക് എൻട്രി വരുത്തിയതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്(DDMS Receipt No-KL07981/FP/00003/25-26).

എന്നാൽ ഗുണഭോക്തൃ പട്ടികയും വിതരണം ചെയ്തതിന്റെ രേഖകളും പദ്ധതി ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകി എൻകയറിയ്ക്ക് (നമ്പർ 27/24-25 തീയതി 3.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. 666 എണ്ണം വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 1,99,794/-തടസ്സം ചെയ്യുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പൈപ്പ് വർക്കിന് അധിക നിരക്ക് നൽകി

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 നടപ്പിലാക്കിയ അംഗീകൃത സ്കൂളുകളിൽ സോക്പിറ്റ് നിർമ്മാണം (222/25) എന്ന പ്രവൃത്തി അക്രിഡിറ്റഡ് ഏജൻസി ആയ SILK ബേപ്പൂർ ,ടെണ്ടർ മുഖേന 11 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രവൃത്തി	അംഗീകൃത സ്കൂളുകളിൽ സോക്പിറ്റ് നിർമ്മാണം (222/25)
അടങ്കൽ	454260 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	415887
വൗച്ചർ നം.	XVFC/2024-25/P/24 Dt.8.1.2025
എഗ്രിമന്റ്	6/15.2.24

പ്രവൃത്തിയിലെ Item No.12 Steel Work For Purlin/Single Section With GI Pipes Including Cutting ,Hosting എന്നീ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച നിരക്ക് 153.29 /K.Gആണ്.(DSR 2018 , കോഡ് 50.10.2) എന്നാൽ പ്രവൃത്തി പൂർത്തിയാക്കി തുക അനുവദിച്ചത് 169 നിരക്കിലാണ് (10.16.1 -Steel Work In Built Up Tubular (Round,Square Or Rectangular Hollow Tubes Etc എന്ന ഇനം ചെയ്തതായിട്ടാണ് ബിൽ സമർപ്പിച്ചിട്ടുള്ളത്) ALPS പുഴക്കാട്ടിരി,GLPS ചൊവ്വണ എന്നീ സ്കൂളുകളിൽ പ്രവൃത്തി നേരിൽ പരിശോധിച്ചതിൽ Single Section പ്രവൃത്തി ആയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ താഴെപറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

പ്രവൃത്തി ചെയ്തത്	നൽകിയ നിരക്ക്	നൽകാവുന്നത്	അധികം
782.876 K.G	169.87 X 782.876 =132987.15	153.29x 782.876=120007.06	12980.15
18 % ജി.എസ്.ടി, 8 % സെന്റേജ് ചാർജ് , സെന്റേജ് ചാർജിന്റെ 18% ജി.എസ്.ടി എന്നിവ ഉൾപ്പെടെ അധികം നൽകിയത് (2336 .41 ജി.എസ്.ടി , 1038.41 സെന്റേജ് , 186.91 സെന്റേജ് ചാർജിന്റെ ജി.എസ്.ടി)			16541.88

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതും ആണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.31/04.03.2026) തുക തിരികെ ലഭ്യമാക്കാൻ SILK ന് കത്ത് നൽകിയിട്ടുണ്ടന്നും തുക അടവാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അധികമായി നൽകിയ 16542 രൂപ ഉത്തരവാദിയായ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ	മെഡിസെപ് പ്രീമിയം	മെഡിസെപ് പ്രീമിയം	ഒടുക്കാൻ ബാക്കി

ജീവനക്കാരുടെ എണ്ണം.	ഇനത്തിൽ ഈടാക്കിയ തുക	ഇനത്തിൽ ഒടുക്കിയ തുക.	നിൽക്കുന്ന തുക.
13	78000	78000	0

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2024-25	2024-25 ഓഡിറ്റ് വേളയിൽ പരിശോധിച്ചു.	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	1,07,961	15/25- ക്ഷീര കർഷകർക്ക് പാലിന്മ സബ്സിഡി	1,07,961	0
	2,00,000	28/25 നാറാണത്ത് മേലേചോല കാളാവ് റോഡ് പുനരുദ്ധാരണം	2,00,000	0
	3,80,000	152/25 ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ	3,80,000	0
	5,00,000	92/25 തൊട്ടിയിൽപ്പടി പാതിരമണ്ണ കിഴക്കേക്കുളമ്പ് റോഡ് പുനരുദ്ധാരണം	5,00,000	0
	1,67,271	96/25 ചെക്കിടപ്പറമ്പ് റോഡ് പുനരുദ്ധാരണം	1,67,271	0
	595000	01/25 നെൽ കൃഷി വികസനം	595000	0
ജില്ലാപഞ്ചായത്ത്	1,00,000	152/25 ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ	1,00,000	0
	4,22,789	01/25 നെൽ കൃഷി വികസനം	4,22,789	0
	6,00,000	126/25 ലൈഫ് ഭ്രരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ -ജനറൽ	6,00,000	0
	3,80,000	129/25 ലൈഫ് ഭവന പദ്ധതി - ജനറൽ	3,80,000	0

	2,25,000	126/25 ലൈഫ് ഭ്രരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ -പട്ടികജാതി	2,25,000	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ വൗച്ചർ നം. / ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KWA	35/25-കണ്ണംപറമ്പ് റിലീഫ് ചൊവ്വാണ കുടിവെള്ള പദ്ധതിക്ക് വിഹിതം നൽകൽ	22401222/ 30.03.2025	1,55,000	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1,55,000
ANERT	190/25 പഞ്ചായത്ത് ഓഫീസിന് സോളാർ പാനൽ സ്ഥാപിക്കൽ	22401599/31-03-25	36,169	36,169	പൂർത്തീകരിച്ചു	0

4-5 മൊബിലൈസേഷൻ നൽകിയതിന്റെ വിവരം

ഇല്ല.

4-6 വായ്പ തിരിച്ചടവിന്റെ വിവരം

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി
					മുതൽ	പലിശ	
1	HUDCO	ലഭ്യമല്ല	0	6843557	0	0	0
2	KURDFC	ലഭ്യമല്ല	367765	13307036	1783467	0	18695709

കുറിപ്പ്:മേൽ രണ്ട് ലോണിനങ്ങളിലെ വാർഷിക കണക്കിലെയും രജിസ്റ്ററുകളിലെയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 1-1-9 ൽ വ്യക്തമാക്കിയിട്ടുണ്ട്.

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ ആൾ	രശീത് നമ്പർ/ തിയ്യതി
2020-21	3-1	12585	ശ്രീ.വിനോദ് കുമാർ.വി.കെ, അസിസ്റ്റന്റ് സെക്രട്ടറി	1240100043 / 08.04.2024

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം/ ഖണ്ഡിക നം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ
2006-07	2008-09	3-6 സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി തുക തിരികെ ലഭിച്ചില്ല	നടപടി തുടരുന്നു.
2010-11	2013-14	3-18 ലഘു അവലോകനം	നടപടി തുടരുന്നു.
2014-15	2016-17	1. ഖണ്ഡിക-2(2) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല	നടപടി തുടരുന്നു.
		2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല.	നടപടി തുടരുന്നു.
2014-15	2016-17	3.ഖണ്ഡിക-2(5)ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല	നടപടി തുടരുന്നു.
2014-15	2016-17	4.ഖണ്ഡിക-2(6)തൊഴിൽ നികുതി:പൊതു അപാകതകൾ	നടപടി തുടരുന്നു.
2015-16	2016-17	4.ഖണ്ഡിക-2(4) തൊഴിൽ നികുതി പിരിവ് അപാകതകൾ	നടപടി തുടരുന്നു.
2019-20	2020-21	ഖണ്ഡിക-1-31	നടപടി തുടരുന്നു.
2019-20	2020-21	ഖണ്ഡിക-1-25	നടപടി തുടരുന്നു.

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ**)** സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,87,07,405
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	6,46,94,594
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	16542
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	6,21,573

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
3-1	16542	1- ശ്രീമതി.ശ്രീല.കെ.എസ്, അസി. എഞ്ചിനീയർ, SILK 2- ശ്രീ.രാഘവൻ.പി.സി, എഞ്ചിനീയർ, SILK

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും

1-24	4,21,779	89,538-ശ്രീ. അനീസ് ബാബു എ.പി,സെക്രട്ടറി 2,32,135-ശ്രീ.രാമകൃഷ്ണൻ.കെ,സെക്രട്ടറി 35,500-ശ്രീ.മജീദ്.എം,സെക്രട്ടറി 64,606-ശ്രീ.ഷൗക്കത്തലി. സി-സെക്രട്ടറി
1-36	1,99,794	ഡോ.മുഹമ്മദ് ഷിബിൽ ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുഴക്കാട്ടിരി
ആകെ	6,21,573	

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.ശ്രീല.കെ.എസ്, അസി. എഞ്ചിനീയർ, SILK	സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ	ലഭ്യമല്ല
ശ്രീ.രാഘവൻ.പി.സി, എഞ്ചിനീയർ, SILK	സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ	ലഭ്യമല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ.എം.പി.എം.22/659/19(2) തീയതി 16-11-2022	26
1998-99	എൽ.എഫ്.എം.14 / 746/03/14.02.11	16
1999-00	കെ.എസ്.എ.എം.പി.എം.22/2699/19(1) തീയതി 16-11-2022	7
2000-01	കെ.എസ്.എ.എം.പി.എം.22/2699/19(2) തീയതി 16-11-22	13
2001-02	കെ.എസ്.എ.എം.പി.എം.22/150/2022(1) തീയതി 16-11-2022	4
1999-00മുതൽ 2001-02 (ചെലവ്)	എൽ.എഫ്.എം. 12 / 931/04/14.02.11	07
2002-03	കെ.എസ്.എ.എം.പി.എം.22/150/2022(2) തീയതി 16-11-2022	20
2003-04	കെ.എസ്.എ.എം.പി.എം.22/1319/2022(1) തീയതി 16-11-2022	20
2004-05	കെ.എസ്.എ.എം.പി.എം.22/1319/2022(2) തീയതി 16-11-2022	18
2005-06	എൽ.എഫ്.എം.12/ 1169/08/14.02.11	28
2006-07	എൽ.എഫ്.എം.12/1170 /08/14.02.11	17
2007-08	കെ.എസ്.എ.എം.പി.എം.22/150/2022(3) തീയതി 16-11-2022	06

2008-09	കെ.എസ്.എ.എം.പി.എം.22/150/2022(4) തീയതി 16-11-2022	9
2009-10	കെ.എസ്.എ.എം.പി.എം.22/150/2022(5) തീയതി 16-11-2022	05
2010-11	കെ.എസ്.എ.എം.പി.എം.22/1319/2022(3) തീയതി 16-11-2022	12
2011-12,2012-13	കെ.എസ്.എ.എം.പി.എം.14 /1553/2015തി.10.12.16	9
2013-14,2014-15	കെ.എസ്.എ.എം.പി.എം/22/1798/2018 തി.20.10.2018	11
2015-16	കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017	18
2016-17	കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017	18
2017-18	കെ.എസ്.എ എം.പി.എം 22/1051/2019 01.06.2019	16
2018-19	കെ.എസ്.എ.എം.പി.എം.22/1283/2020 തിയ്യതി 02.11.2020	16
2019-20	കെ.എസ്.എ.എം.പി.എം.22/2078/2021 തിയ്യതി 05.02.2022	17
2020-21	കെ.എസ്.എ.എം.പി.എം.22/2502/2022 തീയതി 13-04-2023	14
2021-22	കെ.എസ്.എ.എം.പി.എം.22/3098/2022 തീയതി 02-02-23	22
2022-23	കെ.എസ്.എ.എം.പി.എം.22/1135/2024 തീയതി 11-06-2024	19
2023-24	കെ.എസ്.എ.എം.പി.എം.22/2266/2024 തീയതി 20-11-2024	32

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 01 dated 01 dated 06-02-2026 and submitted on 06-02-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Puzhakkattiri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Puzhakkattiri Grama Panchayat as on 31-03-2025

Date: 25/03/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Puzhakkattiri Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for audit.

* Ratios
* Notes on accounts
*Comparative amounts

2. Cashflow statement - Net increase in cashflow does not match with the opening balance and closing balance of cash and cash equivalents.

3. Asset Register is not uptodated

4) Physical verification of stocks was not conducted and the stock register was not produced for verification.
5) The amount of Gross Surplus/(deficit) of income over expenditure after Prior
Period Items in the I&E Abstract of the current year (5936923) and the amount of Excess of Income over Expenditure in the B1 Schedule of the previous year (31363785)
does not match with the amount of Excess of Income over Expenditure in the B1 Schedule of the current year's Balance Sheet (35311430).
6) No information is available regarding the calculation of Fixed Asset depreciation, the depreciation amount was calculated at a higher amount than the asset value.
a) The details related to the calculation of Fixed Asset depreciation as per Balance Sheet B-11 (rate of depreciation, book value of asset, life time of asset etc) were not made available for inspection. (Kerala Panchayat raj (Accounts) Rules, 2011, Rule 58-4 (G))
b) As per Schedule B-11, the asset value of Other Fixed Assets is Rs. 4654765. However, as per B11 (a),
the total depreciation of Other Fixed Assets is Rs. 4847532. The excess depreciation is calculated from the value.
c) The Accumulated Depreciation amount is not included in the order of the asset in B-11(e) to which it relates, and all items in B-11(e) are not included in the depreciation in B-11(a).
7) Negative amount booked in Prior Period Expenses programme Expenses Head
8) Due to unavailability of documents, details of the amounts included in the following items in the annual accounts could not be ascertained
RP 11 - 190200401 prior period income-Other Income Rs. 610330/-
RP 25 - 290800501 prior period expenses - programme Expenses Rs. 219000/-
9) Loan Amounts in the loan register does not match with amounts in the annual account.
10) The income/progressive expenditure as per ACR in CFC Grand Tied Fund is Rs. 5955172. However, as per the annual report, the income was recorded as Rs. 6734225. There is a difference of 779053
11) The following registers not kept in a manner that substantiates the amounts in the annual accounts.
Advance Register
Deposit Register
Rent Register
Permit/Regularisation register
12) As per Balance Sheet B-7, Rs. 229415 Deposits Received from Others has been kept as a liability for many years without adjusting it.
13) Since separate ACRs have not been made available for special purpose grants, the accuracy of the amounts booked in Schedule B-4 as liabilities in the said grants could not be verified.
a) 320100196 Integrated Child Development Service Rs. 4330324
b) 320200399 Other Grants & Contributions for Specific Purpose-Other purpose Rs. 169353
c) 320800199 Other Grants & Contributions for Specific Purpose-capital Rs. 121537
14) Project amounts other than deposit work are added as liabilities in B-18.
15) The following Deposit amounts remain unadjusted as a liability.
A) 460500201 KWA Rs. 3222520
b) 460500202 KSEB Rs. 1753257
c) 460500204 GWD Rs.132573
d) 460500206 Anert Rs. 528000
16) The property tax DCB amount provided for audit does not match with the AFS.
17) The total expenditure paid directly to the beneficiaries of the employment guarantee scheme is Rs. 14501162 as per the register and Rs. 14480402 as per the AFS. There is a difference of Rs. 20760.
18) The bank accounts listed below are not included in the annual accounts.

a) KGB 40245101013612 Ast. Secretary Balance Rs.2193

b) KGB 40245101099773 Balance Rs.200000

c) KGB 40245100106048 Balance Rs.0

d) KGB 40245101082047 Balance Rs.0

e) KGB 40245100106161 Balance Rs.0

19) Bank statements/reconciliation statements not produced
a) Sub Tr 799011400006240
b) Other Co-op Bank 6161
c) Urban Co-op Bank 2365
d) Co-op Bank Own fund revenue fund
e) ST Makkaraparamba 715111400000006
f) ST Makkaraparamba 799013000000690
g) IDBI SBM 0763104000148542
h) KGB 11111111111111
I) ST makaraparamba 799011400001161
j) Urban Co-op Bank 4001000002355
20) Monthly reconciliation not done on time, check leaves with missing amount information

a) As per the Kerala Panchayat Raj Act 2011 (Section 57), monthly reconciliation sheets of various bank accounts have not been certified and maintained in a timely manner.

b) Reconciliation has been done by including the amounts of previous months.

c) Many cheque leaves were used without recording the amount on the counterfoils and without carbon copies. Therefore, it is not clear how much money was spent in this way.

21) The bank balance as per the reconciliation statements of the accounts attached below does not match the balance in the annual statement (RP 40b).
a) KGB 40245101072183
b) SBI 41229122968
c) Other Co-op Bank 40245100105919
22) Since the registers were not made available, it was not possible to ensure the accuracy of the amounts as per the annual I-14d.
23) The day book and cash book have not been fully checked and certified by the relevant officials in a timely manner.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്